2023 SEPTEMBER
27
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## ആഗോള കോഫി സമ്മേളനത്തിന് തുടക്കം

**ബെംഗളൂരു:** രുചി പകരുന്ന കാപ്പി കോടികളുടെ വിദേശനാണ്യം ഉറപ്പാക്കുന്ന വ്യവസായമാണെന്നു പ്രഖ്യാപിച്ച് ബെംഗളൂരു പാലസിൽ 4 ദിവസത്തെ ആഗോള കോഫി സമ്മേളനത്തിനു തുടക്കമായി. കഫീൻ രഹിത ചക്കക്കുരു കാപ്പി, ഇടുക്കി കാന്തല്ലൂർ ആദിവാസി മേഖലയിലെ കീഴാന്തൂർ കാപ്പി, പസിഫിക് മേഖലയായ പാപ്പുവ ന്യൂ ഗിനിയയിലെ അറബിക്ക, വയനാടിന്റെ റോബസ്റ്റ, കാപ്പിക്കുരുവിന്റെ തൊണ്ടിൽ നിന്നുള്ള സൗന്ദര്യവർധക ഓയിൽ തുടങ്ങി 80 രാജ്യങ്ങളിൽ നിന്നുള്ള ഉൽപന്നങ്ങൾ അവതരിപ്പിക്കും. പശ്ചിമഘട്ട മലനിരകളിലെ കാപ്പിക്കൃഷി മേഖലകളെ അടുത്തറിയാനുള്ള മ്യൂസിയം, വീടുകളിൽ കാപ്പിക്കുരു പൊടിക്കാൻ സഹായിക്കുന്ന ഇൻസ്റ്റന്റ് യന്ത്രങ്ങൾ, കാപ്പിയുടെ ഗുണവും രുചിയും തിരിച്ചറിയാൻ കഴിയുന്ന ടേസ്റ്റിങ് റോസ്റ്ററുകൾ തുടങ്ങിയവയും മേളയിൽ ഒരുക്കിയിട്ടുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കോഫി ടേസ്റ്റർമാർ കാപ്പിരുചിക്കുന്ന മത്സരമാണ് മറ്റൊരു പ്രത്യേകത.

ഏഷ്യയിൽ ആദ്യമായി നടക്കുന്ന സമ്മേളനത്തിന്റെ ഉദ്ഘാടനം കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പീയുഷ് ഗോയൽ നിർവഹിച്ചു. കേന്ദ്ര വാണിജ്യ മന്ത്രാലയത്തിനു കീഴിലെ കോഫി ബോർഡിനു പുറമേ കർണാടക സർക്കാർ, ഇന്റർനാഷനൽ കോഫി ഓർഗനൈസേഷൻ (ഐസിഒ), എന്നിവരുടെ നേതൃത്വത്തിലുള്ള സമ്മേളനം 28ന് സമാപിക്കും.




## സപ്ലൈകോ വീണ്ടും പ്രതിസന്ധിയിലേക്ക്

**കൊച്ചി:** സപ്ലൈകോയുടെ പ്രതിദിന വിറ്റുവരവിൽ വൻ ഇടിവ്. 15 കോടിയോളമാണു സംസ്ഥാനത്തെ സപ്ലൈകോ ഔട്‌ലറ്റുകളിലെ മൊത്തം വിറ്റുവരവ്. ഇത് 8 കോടിയിലേക്ക് കൂപ്പുകുത്തിയതോടെ സപ്ലൈകോ വീണ്ടും കടുത്ത പ്രതിസന്ധി നേരിടുകയാണ്. ഭക്ഷ്യോൽപന്നങ്ങൾ വാങ്ങിയ വകയിൽ സപ്ലൈയർമാർക്ക് കഴിഞ്ഞ മേയ് മുതലുള്ള തുക കുടിശികയാണ്. 576.38 കോടി രൂപ വിതരണക്കാർക്ക് നൽകാനുണ്ട്. ഇതോടെ സബ്സിഡി സാധനങ്ങൾ പലരും വിതരണത്തിനെടുക്കാതായതോടെ സപ്ലൈകോ ഔട്‌ലറ്റുകളിൽ അവശ്യ സാധനങ്ങളില്ലാത്ത സ്ഥിതിയാണ്. കുടിശികത്തുക ലഭിക്കാത്തതിനാൽ ഭക്ഷ്യോൽപന്നങ്ങൾ നൽകാൻ വിതരണക്കാർ വിമുഖത കാട്ടുന്നത് പ്രതിസന്ധി വർധിപ്പിച്ചു.

സബ്സിഡി ഇനങ്ങളിൽ പ്രധാനപ്പെട്ട വറ്റൽമുളക് സപ്ലൈകോ കേന്ദ്രങ്ങളിൽ വിൽപന നിർത്തി. ആന്ധ്രയിൽ നിന്നു പ്രതിമാസം 800 ടൺ മുളകാണു പതിവായി വാങ്ങുന്നത്. ഇതു പൂർണമായും നിർത്തി. ഓണത്തിനു മാത്രമായി 150 ടൺ വാങ്ങിയത് ഔട്‌ലറ്റുകളിൽ തീർന്നതോടെ വിൽപന അവസാനിപ്പിക്കുകയായിരുന്നു. മാസം തോറും 1000 ടൺ വാങ്ങുന്ന തുവരപ്പരിപ്പ് ഈ മാസം 500 ടൺ മാത്രമാണെടുത്തത്. സബ്സിഡി പഞ്ചസാര പലയിടത്തും തീർന്നു. കർണാടക, മഹാരാഷ്ട്ര സംസ്ഥാനങ്ങളിലെ വിതരണക്കാർക്ക് പഞ്ചസാര വാങ്ങിയതിനു മാത്രം നിലവിൽ 60 കോടി രൂപ കൊടുക്കാനുണ്ട്. സംസ്ഥാനത്തെ സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിക്ക് അരി നൽകിയതിന്റെ കൈകാര്യച്ചെലവിനത്തിൽ മാത്രം 146.61 കോടി രൂപ ലഭിക്കാനുണ്ട്.

# വികസനക്കുതിപ്പിൽ സിയാൽ




**നെടുമ്പാശേരി :** വികസന ചരിത്രത്തിൽ പുതിയൊരധ്യായം കൂടി കുറിച്ച് കൊച്ചി രാജ്യാന്തര വിമാനത്താവള കമ്പനി (സിയാൽ). അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ടുള്ള 7 പുതിയ പദ്ധതികൾക്ക് ഗാന്ധിജയന്തി ദിനത്തിൽ തുടക്കമാകും.ഇംപോർട്ട് കാർഗോ ടെർമിനൽ, ഡിജിയാത്ര, എയർപോർട്ട് എമർജൻസി സർവീസ് എന്നിവയുടെയും രാജ്യാന്തര ടെർമിനൽ (ടി 3) വികസനം, എയ്റോ ലോഞ്ച്, ഗോൾഫ് ടൂറിസം, ഇലക്ട്രോണിക് സുരക്ഷാ വലയം എന്നിവയുടെ നിർമാണ പ്രവർത്തനങ്ങളുടെയും ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിക്കും.

പദ്ധതിയിലൂടെ പ്രതിവർഷം കൈകാര്യം ചെയ്യാനാകുന്ന കാർഗോ 2 ലക്ഷം മെട്രിക് ടൺ ആയി ഉയരും. നിലവിൽ ഉപയോഗിക്കുന്ന കാർഗോ കേന്ദ്രം മുഴുവൻ കയറ്റുമതി വിഭാഗത്തിനായി ലഭ്യമാക്കും. ഇതു കേരളത്തിന്റെ കാർഷിക മേഖലയ്ക്ക് ഉത്തേജനമേകും.

പുറപ്പെടൽ പ്രക്രിയ, ആധുനിക ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൂടുതൽ കാര്യക്ഷമവും സുഗമമാക്കുന്ന സംവിധാനമാണ് ഡിജിയാത്ര. സോഫ്റ്റ്‌വെയർ രൂപകൽപന ചെയ്തത് സിയാലിന്റെ ഐടി വിഭാഗമാണ്.

വിമാനത്താവള അഗ്നിശമന സേനയെ എയർപോർട്ട് എമർജൻസി സർവീസ് എന്ന നിലയിലേക്ക് ആധുനികവൽക്കരിക്കുന്ന പദ്ധതി. അടിയന്തരാവശ്യങ്ങൾക്കുപയോഗിക്കുന്ന വാഹന വ്യൂഹത്തിലേക്ക് 2 ഓസ്ട്രിയൻ നിർമിത ഫയർ എൻജിനുകളും എത്തുന്നു.

ആദ്യ ഘട്ട വികസനത്തിന്റെ ഭാഗമായി നിലവിലെ രാജ്യാന്തര ടെർമിനലിന്റെ വടക്ക് ഭാഗത്തു കൂടി പുതിയ ഏപ്രൺ വരും. 15 ലക്ഷം ചതുരശ്രയടി വിസ്തീർണത്തിലാണിത്.

8 പുതിയ എയ്റോബ്രിജുകൾ ഇവിടെയുണ്ടാകും. പാർക്കിങ് ബേകളുടെ എണ്ണം 44 ആകും.

ആഭ്യന്തര ടെർമിനലിനു സമീപം നിർമിക്കുന്ന ആഡംബര ലോഞ്ച് ആഭ്യന്തര, രാജ്യാന്തര ടെർമിനലുകളിലെയും ജെറ്റ് ടെർമിനലിലെയും യാത്രക്കാർക്ക് ഉപയോഗിക്കാം. 42 ആഡംബര അതിഥി മുറികൾ, റസ്റ്ററന്റ്, മിനി കോൺഫറൻസ് ഹാൾ, ബോർഡ് റൂം, ജിം, സ്പാ എന്നിവയുണ്ടാകും. രാജ്യത്തെ ഏറ്റവും വലിയ വിമാനത്താവള ലോഞ്ചായി ഇത് മാറും.

ഓപ്പറേഷനൽ മേഖലയുടെ സുരക്ഷ വർധിപ്പിക്കുന്നതിനാണ് അത്യാധുനിക ഇലക്ട്രോണിക് സുരക്ഷാ വലയം പെരിമീറ്റർ ഇൻട്രൂഷൻ ഡിറ്റക്ഷൻ സിസ്റ്റം (പിഐഡിഎസ്) സ്ഥാപിക്കുന്നത്. 12 കിലോമീറ്റർ വൈദ്യുത വേലി, ഫൈബർ ഒപ്റ്റിക് വൈബ്രേഷൻ സെൻസർ, തെർമൽ ക്യാമറകൾ എന്നിവ സ്ഥാപിച്ച് കൺട്രോൾ റൂമുമായി ബന്ധപ്പെടുത്തും.

കേരളത്തിലെ ഏക 18 ഹോൾ ഗോൾഫ് കോഴ്സ് ആയ സിയാൽ ഗോൾഫ് കോഴ്സിൽ വാട്ടർ ഫ്രണ്ട് കോട്ടേജുകൾ, പാർട്ടി, കോൺഫറൻസ് ഹാളുകൾ, സ്പോർട്സ് സെന്റർ തുടങ്ങിയവ നിർമിക്കും.

പുതിയ പദ്ധതികൾ സിയാലിന്റെ വികസന യാത്രയിലെ പുതു യുഗമാണ്.

യാത്രക്കാരുടെ വർധിച്ചു വരുന്ന ആവശ്യങ്ങൾ നിറവേറ്റുക എന്നതിലുപരി അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്കു കൂടി ഊന്നൽ നൽകുന്ന പദ്ധതികളാണിവ.



# വിനോദ സഞ്ചാരികളെ ആകർഷിച്ചു ദുബായ്

**ദുബായ്:** ഒരു എളിയ മത്സ്യബന്ധന ഗ്രാമത്തിൽ നിന്ന് വ്യാപാരം, ധനകാര്യം, വിനോദസഞ്ചാരം എന്നിവയുടെ ആഗോള കേന്ദ്രമായി മാറിയ ദുബായി ഓരോ വർഷവും ദശലക്ഷക്കണക്കിന് സന്ദർശകരെ ആകർഷിക്കുന്നു. ആധുനികതയുടെയും പാരമ്പര്യത്തിന്റെയും, ആഡംബരത്തിന്റെയും പ്രവേശനക്ഷമതയുടെയും സംയോജനത്തിനൊപ്പം വൈവിധ്യത്തിന്റെയും ഉൾച്ചേർക്കലിന്റെയും ഊർജ്ജസ്വലമായ ഒരു അലങ്കാരം കൂടിയാണ് ദുബായ്.

സഞ്ചാരികളെ ആകർഷിക്കുന്ന സ്ഥിരം സ്ഥലങ്ങളായ ബുർജ് ഖലീഫ, ദുബായി മാൾ, മ്യൂസിയം ഓഫ് ഫ്യൂച്ചർ തുടങ്ങിയവ കൂടാതെ മറ്റനേകം വിനോദ സഞ്ചാരയിടങ്ങളും സഞ്ചാരികളെ കൂടുതലായി ദുബായിലേക്ക് കൊണ്ട് വരുന്നു. അവയിൽ പ്രധാനപ്പെട്ട അഞ്ചു സ്ഥലങ്ങളാണ് ദുബായ് ബലൂൺ, സോനാരാ ക്യാമ്പ്, വോക്സ് അറ്റ് കെമ്പിൻസ്കി, അറ്റ്ലാന്റിസ് ദി പാമിലെ അണ്ടർ വാട്ടർ സ്യൂട്ട്, താലിസ് ഓട്ടോമൻ സ്പാ തുടങ്ങിയ വിനോദസഞ്ചാര ലക്ഷ്യങ്ങൾ.പാം ജുമൈറയുടെ പുറം ചന്ദ്രക്കലയിലെ അക്വാവെഞ്ചർ വാട്ടർപാർക്കിൽ സ്ഥിതി ചെയ്യുന്ന ടെതർ ചെയ്ത ഹീലിയം ബലൂണായ ദുബായ് ബലൂണിൽ നിന്ന് തീരദേശ കാഴ്ചകളുടെയും സ്കൈലൈനിന്റെയും അവിസ്മരണീയമായ പ്രകൃതിദൃശ്യങ്ങൾ നിങ്ങൾക്ക് ആസ്വദിക്കാനാകും. കൂടാതെ തെളിഞ്ഞ ദിവസങ്ങളിൽ, ബുർജ് ഖലീഫ, ഡൗണ്ടൗൺ ദുബായ് എന്നിവ പോലുള്ള ലാൻഡ്മാർക്കുകൾ പോലും നിങ്ങൾക്ക് ബലൂണിൽ നിന്ന് കാണാൻ കഴിയും. സോനാറ ക്യാമ്പിലെ ശാന്തമായ മരുഭൂമിയാൽ ചുറ്റപ്പെട്ട ഒരു ഊഞ്ഞാലിൽ വിശ്രമിക്കുകയും തത്സമയ വിനോദവും ആംബിയന്റ് ലൈറ്റിംഗും ഉപയോഗിച്ച് വിപുലവും സ്വാദിഷ്ഠവുമായ ഫൈൻഡൈനിംഗ് മെനു സഹിതം അതുല്യമായ ഡെസേർട്ട് റെസ്റ്റോറന്റിൽ ഫ്രഞ്ച് ഷെഫ് ഫ്രാങ്ക് സന്നയുടെ ശ്രദ്ധാപൂർവം ക്യൂറേറ്റ് ചെയ്ത മെനു പ്രാദേശികവും പാശ്ചാത്യവുമായ മിശ്രിതങ്ങളുള്ള ഒരു രുചികരമായ അനുഭവമാക്കി മാറ്റുന്നു. കൂടാതെ അതിഥികൾക്ക് ഡ്രമ്മിംഗ്, സാൻഡ്ബോർഡിംഗ്, അമ്പെയ്ത്ത് തുടങ്ങിയ പ്രവൃത്തികളിൽ ഏർപ്പെടാനും ബെഡൂയിൻ ഗോത്രങ്ങൾ സഞ്ചാരത്തിനായി എങ്ങിനെ നക്ഷത്രങ്ങളെ ആശ്രയിച്ചിരുന്നു എന്ന് പഠിക്കുന്നതിനുള്ള സൗകര്യവും ഇവിടെ ഉണ്ട്.സിനിമാ പ്രേമികൾക്കായി വോക്സ് അറ്റ് കെംപിൻസ്കി ദുബായിൽ 15 ആഡംബര സീറ്റുകളുള്ള സ്വകാര്യ സിനിമ സജ്ജീകരിച്ചിട്ടുണ്ട്. അവിടത്തെ ഏറ്റവും പുതിയ ബ്ലോക്ക് ബസ്റ്ററുകളും പാചക രുചികളും ദുബായിൽ അസാധാരണമായ ഒരു സംഭവം സൃഷ്ടിക്കുന്നു.




നിങ്ങൾക്കും നിങ്ങളുടെ അതിഥികൾക്കും ഡൈനിംഗ് ലോഞ്ചിൽ നിന്നും രസകരമായ ഒരു ഡൈനിങ് അനുഭവം നേടിയതിനു ശേഷം അൺലിമിറ്റഡ് പോപ്കോൺ ഉപയോഗിച്ച് നിങ്ങളുടെ പ്രിയപ്പെട്ട സിനിമയുടെ സ്ക്രീനിങ് കാണാനുള്ള സൗകര്യം ഇവിടെ ഉണ്ട്.

അറ്റ്ലാന്റിസ് ദി പാമിലെ അണ്ടർവാട്ടർ സ്യൂട്ടിൽ പ്രശാന്തതയുടെയും സമാധാനത്തിന്റെയും അന്തരീക്ഷം ആസ്വദിക്കാം. അവിടത്തെ ബാത്ത് ടബ്ബിൽ കിടന്നു കൊണ്ട് സ്രാവുകളും മത്സ്യങ്ങളും തിരണ്ടികളും നിങ്ങളുടെ തൊട്ടു അടുത്ത് കൂടെ പോകുന്നത് അനുഭവിച്ചറിയാം. പാം ജുമൈറയിലെ ജുമൈറ സബീൽ സാറേയിൽ സ്ഥിതി ചെയ്യുന്ന അതിമനോഹരമായ 8,200 ചതുരശ്ര മീറ്ററിൽ വ്യാപിച്ചുകിടക്കുന്ന താലിസ് ഓട്ടോമൻ സ്പായിൽ ഓട്ടോമൻ പൈതൃകത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ആഡംബരപൂർണമായ നിരവധി സേവനങ്ങൾ വാഗ്ദാനം ചെയ്യുന്നു.

പരമ്പരാഗത കെസെ മിറ്റ് ബോഡി പോളിഷും ബോഡി ആൻഡ് ഹെഡ് മസാജ്ജും, ഹണി മാസ്ക്കും ഉൾപ്പടെയുള്ള 60 മിനിറ്റ് തെറാപ്പി നിങ്ങളെ നവചൈതന്യമാർജിക്കുവാൻ സഹായിക്കും.

---

## കെ എം എ ഗ്ലോബൽ ഓണർ മാനേജർ പ്രോഗ്രാം സംഘടിപ്പിച്ചു

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷന്റേയും ഏഷ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാമിലി മാനേജ്ഡ് ബിസിനസിന്റേയും നേതൃത്വത്തിൽ ഗ്ലോബൽ ഓണർ മാനേജർ പ്രോഗ്രാം (ജി ഒ എം പി) സംഘടിപ്പിച്ചു. ജി ഒ എം പി ഡയറക്ടർ പ്രൊഫ. പരിമൾ മെർച്ചന്റ്, പ്രൊഫ. സനീഷ് ദലാൽ, പ്രൊഫ. അനിൽ മേനോൻ എന്നിവർ പങ്കെടുത്തു. കെ എം എ പ്രസിഡന്റ് എ ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ഹോണററി സെക്രട്ടറി ദിലീപ് നാരായണൻ, ജോയിന്റ് സെക്രട്ടറി അനിൽ വർമ എന്നിവർ സംസാരിച്ചു.

നിരീക്ഷണങ്ങളിലൂടെയും കണ്ടെത്തലുകളിലൂടേയും പുതിയ കാര്യങ്ങൾ കണ്ടെത്താൻ സാധിക്കുന്നിടത്ത് കുടുംബ ബിസിനസുകളുടെ നിലനിൽപ്പുകൾ ദീർഘിപ്പിക്കാനാവുമെന്ന് പ്രൊഫ. പരിമൾ മെർച്ചന്റ് പറഞ്ഞു. മുതിർന്നവരുടെ പരിചയവും പുതിയവരുടെ സാധ്യതകൾ തേടലും ബിസിനസുകളെ പുതിയ തലത്തിലെത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു.ബാങ്ക് വായ്പയുടെ കാര്യത്തിൽ പലരും അഭിമന്യുവിനെ പോലെ അകത്തേക്ക് പോയി തിരികെ വരാനാവാതെ ഉൾപ്പെട്ടുപോകാറുണ്ട്. അക്കാര്യത്തിൽ കൃത്യമായ ശ്രദ്ധ വേണമെന്ന് പ്രൊഫ. അനിൽ മേനോൻ പറഞ്ഞു.സ്ഥാപനത്തിന്റെ മാനേജ്മെന്റ് എങ്ങനെയെന്ന് അറിഞ്ഞിരിക്കുന്നതെന്നതിനോടൊപ്പം മുഴുവൻ സമയവും ചെലവഴിക്കുകയും ഓഫിസിലെ എല്ലാ കാര്യങ്ങളിലും ഉത്തരവാദിത്വം നിർവഹിക്കുകയും ചെയ്യുന്നതിന് പകരം തങ്ങളുടെ ബിസിനസ് ഉത്തരവാദിത്വം മനസ്സിലാക്കുകയും വേണമെന്ന് പ്രൊഫ. സലീഷ് ദലാൽ ഓർമപ്പെടുത്തി. കേരള മാനേജ്മെന്റ് അസോസിയേഷന്റേയും ഏഷ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാമിലി മാനേജ്ഡ് ബിസിനസിന്റേയും നേതൃത്വത്തിൽ ഫാമിലി മാനേജ്ഡ് ബിസിനസ് നടത്തുന്നവർക്ക് ഒരു വർഷത്തേക്ക് കോഴ്സ് സംഘടിപ്പിക്കുന്നു. ഓരോ മാസവും ഒന്നര ദിവസം വീതം നടക്കുന്ന കോഴ്സിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് ശിളീ@സാമ.ീൃഴ.ശി എന്ന ഇമെയിൽ വിലാസത്തിലോ 9072775588 എന്ന മൊബൈൽ നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

## മിനോഷ ഇന്ത്യ ലിമിറ്റഡ് പുതുനിര സ്മാർട്ട് ലേസർ പ്രിന്ററുകൾ പുറത്തിറക്കി

**കൊച്ചി:**ഇന്ത്യയിലെ ഓഫീസ് പ്രിന്റിങ്ങ് സാങ്കേതിക വിദ്യാ മേഖലയെ പുനർ നിർവചിക്കാൻ ഒരുങ്ങി കൊണ്ട് ഇന്ത്യയിലെ റൈക്കോ ഉൽപ്പന്നങ്ങളുടെ പങ്കാളികളായ മിനോഷ ഇന്ത്യ ലിമിറ്റഡ് അടുത്ത തലമുറയിൽപ്പെട്ട ലേസർ പ്രിന്ററുകളുടെ അസാധാരണമായ ഒരു പുതുനിര പുറത്തിറക്കി.

റൈക്കോ പി 311 സിംഗിൾ ഫങ്ക്ഷൻ, റൈക്കോ എം 320 എഫ് മൾട്ടിപ്പിൾ ഫങ്ക്ഷൻ മോണോസോൺ പ്രിന്ററുകളും പി സി 311 ഡബ്ലിയു സിംഗിൾ ഫങ്ക്ഷൻ, റൈക്കോ എം സി 251 എഫ് ഡബ്ലിയു മൾട്ടി ഫങ്ക്ഷൻ പ്രിന്റർ കളർ സോൺ പ്രിന്ററുകളുമാണ് തങ്ങളുടെ പങ്കാളികളുടെയും ഡീലർമാരുടെയും സാന്നിധ്യത്തിൽ കമ്പനി പുറത്തിറക്കിയത്. വൈഫൈ, സ്മാർട്ട് ഡിവൈസ് കണക്ടർ, റിമോട്ട് ഡിവൈസ് മാനേജർ എന്നിവ കൂടാതെ ഇൻഡസ്ട്രിയിലെ ഏറ്റവും മികച്ച ഓൺ സൈറ്റ് സേവനവും നൽകുന്ന ഈ പുതിയ പ്രിന്ററുകളുടെ ഇന്ത്യയിലെ വില 30000 രൂപ മുതൽ ആരംഭിക്കുന്നു.4ലൈൻ ഓപ്പറേഷൻ എൽസിഡി ഡിസ്പ്ലേ പാനലും 32 പിപിഎം വരെയുള്ള പ്രിന്റ് വേഗതയുമാണ് മോണോസോണിൽ കമ്പനി പുറത്തിറക്കിയ റൈക്കോ പി 311 സിംഗിൾ ഫങ്ക്ഷൻ പ്രിന്ററിന്റെ മുഖ്യ സവിശേഷതകൾ. പ്രിന്റിങ് പ്രവർത്തനം ലോക്ക് ചെയ്യൽ, സുരക്ഷിതമായ ഡാറ്റാ കൈമാറ്റത്തിന് നെറ്റ്വർക്ക് എൻക്രിപ്ഷൻ എന്നിങ്ങനെയുള്ള മെച്ചപ്പെടുത്തിയ സുരക്ഷാ സവിശേഷതകളും അത് വാഗ്ദാനം ചെയ്യുന്നു.

ആദ്യ കാട്രിഡ്ജിലൂടെ 7000 പേജ് പ്രിന്റും 1200 x 1200 ഡിപിഐ പ്രിന്റ് റസൊല്യൂഷനും ഇത് നൽകുന്നു. 4.3 ഇഞ്ച് കളർ ടച്ച് പാനലോടു കൂടിയ, ഒന്നിൽ കൂടുതൽ പ്രവർത്തനങ്ങൾ നൽകുന്ന റൈക്കോ എം 320 എഫ് മൾട്ടിപ്പിൾ ഫങ്ക്ഷൻ പ്രിന്റർ വൈവിധ്യമാർന്നതും എളുപ്പവുമുള്ള ഉപയോഗത്തിനായി രൂപകൽപ്പന ചെയ്തതാണ്. ഇതിന്റെ ഓട്ടോമാറ്റിക് റിവേഴ്സിങ് ഡോക്യുമെന്റ് ഫീഡറും വ്യത്യസ്ത തരത്തിലുള്ള സ്കാനിങ് കഴിവുകളും ഫലപ്രദമായ രേഖാ കൈമാറ്റം സാധ്യമാക്കുന്നു. ആദ്യ കാട്രിഡ്ജിലൂടെ 7000 പേജുകൾ പ്രിന്റ് ചെയ്യാവുന്ന ഈ എംഎഫ്പി 1200x1200 ഡിപിഐ പ്രിന്റ് റസലൂഷൻ നൽകുന്നു.25 പിപിഎം വരെയുള്ള വേഗതയിൽ റൈക്കോ പി സി 311 ഡബ്ലിയു കളർ സോണിൽ കമ്പനി അവതരിപ്പിക്കുന്ന സിംഗിൾ ഫങ്ക്ഷൻ പ്രിന്ററാണ്. മെച്ചപ്പെട്ട ക്ഷമതക്കായി ഒരു ഓപ്ഷണൽ സെക്കൻഡ് പേപ്പർ ട്രേ കൂട്ടിച്ചേർക്കാനുള്ള ഓപ്ഷൻ ഇതിലുണ്ട്.

മെച്ചപ്പെട്ട ക്ഷമതക്കായി ഒരു സെക്കൻഡ് പേപ്പർ ട്രേ വേണമെങ്കിൽ കൂട്ടിച്ചേർക്കാവുന്ന കഴിവോടു കൂടി വന്നെത്തുന്ന ഈ പ്രിന്റർ പ്രവർത്തനങ്ങൾ ലളിതമാക്കുന്നതോടൊപ്പം തന്നെ പ്രൊഫഷണൽ കളർ പ്രിന്റുകൾ ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്നു.റൈക്കോയുടെ നവീനമായ ഡിജിറ്റൽ പരിഹാരമായ റൈക്കോ സ്പെയ്സസും മിനോഷ ഇന്ത്യ അവതരിപ്പിക്കുന്നുണ്ട്.

ക്ലൗഡിൽ ഹോസ്റ്റ് ചെയ്യുന്ന പ്ലാറ്റ്ഫോമായ റൈക്കോ സ്പേയ്സ്സ്, വിഷ്വൽ ഫ്ളോർ പ്ലാനുകൾ, റൂം, സ്പെയ്സ് ബുക്കുങ്ങ്, അനലിറ്റിക്സ്, ഡസ്ക് ബുക്കിങ്ങ്, ഇന്റർനെറ്റ് ഓഫ് തിങ്ങ്സ്, സർവീസ് റിക്വസ്റ്റ്, ഡിജിറ്റൽ സൈനേജ്, തൊഴിലിട ഓട്ടോമേഷൻ, വിസിറ്റ് മാനേജ്മെന്റ് തുടങ്ങി വ്യത്യസ്തമായ മേഖലകളിൽ ബിസിനസ് സംരംഭങ്ങൾ പരമാവധിയാക്കുവാൻ തക്കവണ്ണം രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്.

# ഇക്വിറ്റി മ്യൂച്വൽ ഫണ്ട്: കേരളത്തിലെ നിക്ഷേപകർക്കു കൂടുതൽ താൽപര്യം

**കൊച്ചി:** അസോസിയേഷൻ ഓഫ് മ്യൂച്വൽ ഫണ്ട്സ് ഇൻ ഇന്ത്യയുടെ കണക്കുകൾ പ്രകാരം ഇക്വിറ്റി മ്യൂച്വൽ ഫണ്ട് പദ്ധതികളിലേക്ക് 2023 ആഗസ്റ്റിൽ 20,245.26 കോടി രൂപയാണ് എത്തിയത്. ഇക്വിറ്റി മ്യൂച്വൽ ഫണ്ട് പദ്ധതികൾക്കുള്ളിൽ തന്നെ സ്മോൾക്യാപ് വിഭാഗം 4,264.82 കോടി രൂപയുടെ നിക്ഷേപം കരസ്ഥമാക്കി. സെക്ടറൽതീമാറ്റിക് ഫണ്ടുകളിലേക്ക് 4,805.81 കോടി രൂപയുടെ നിക്ഷേപമാണെത്തിയത്. മൾട്ടി ക്യാപ് വിഭാഗത്തിൽ 3,422.14 കോടി രൂപയുമെത്തി. മൊത്തത്തിൽ ഇന്ത്യയിലെ മ്യൂച്വൽ ഫണ്ടുകൾ ആകെ കൈകാര്യം ചെയ്യുന്ന ആസ്തികൾ 46.63 ലക്ഷം കോടി രൂപയുടേതാണ്.

ക്ലോസ് എൻഡഡ് പദ്ധതികൾ അടക്കമാണിതെന്ന് അസോസിയേഷൻ ഓഫ് മ്യൂച്വൽ ഫണ്ട്സ് ഇൻ ഇന്ത്യയുടെ ഓഗസ്റ്റിലെ കണക്കുകൾ ചൂണ്ടിക്കാട്ടുന്നു.ഇന്ത്യയിലെ മ്യൂച്വൽ ഫണ്ട് വളർച്ചയുടെ പ്രവണത വിലയിരുത്തുമ്പോൾ ഏതാനും സംസ്ഥാനങ്ങൾ ഓഹരി ഇതര പദ്ധതികളെ അപേക്ഷിച്ച് ഓഹരി വിഭാഗം മ്യൂച്വൽ ഫണ്ട് പദ്ധതികളിലാണ് കൂടുതൽ താൽപര്യം കാട്ടുന്നത്. ഇക്കാര്യത്തിൽ കേരളം ഒരു ഉദാഹരണമാണ്. അസോസിയേഷൻ ഓഫ് മ്യൂച്വൽ ഫണ്ട്സ് ഇൻ ഇന്ത്യയുടെ ഓഗസ്റ്റിലെ സ്ഥിതിവിവര കണക്കുകൾ പ്രകാരം കേരളത്തിലെ നിക്ഷേപകരിൽ 69 ശതമാനം ഓഹരി അധിഷ്ഠിത പദ്ധതികളിൽ പണം നിക്ഷേപിച്ചപ്പോൾ ഡെറ്റ്, ലിക്വിഡ് പദ്ധതികളിൽ 20 ശതമാനം പേരാണ് പണം പാർക്കു ചെയ്തത്. ഒൻപതു ശതമാനം പേർ ബാലൻസ്ഡ് പദ്ധതികളിലും നിക്ഷേപിച്ചു. കേരളത്തിലെ നിക്ഷേപകർ 56,050.36 കോടി രൂപയാണ് മ്യൂച്വൽ ഫണ്ടുകളിൽ നിക്ഷേപിച്ചിരിക്കുന്നത്.ടാറ്റാ മ്യൂച്വൽ ഫണ്ടിനും കേരളത്തിൽ സമാന പ്രവണതയാണു ദർശിക്കാനായത്. ടാറ്റാ മ്യൂച്വൽ ഫണ്ടിനെ സംബന്ധിച്ച് 76 ശതമാനം ആസ്തികളും ഓഹരി പദ്ധതികളിൽ നിന്നാണ്. 15 ശതമാനം ഡെറ്റ്, ലിക്വിഡ് പദ്ധതികളിൽ നിന്നും ഒൻപതു ശതമാനം ബാലൻസ്ഡ് പദ്ധതികളിൽ നിന്നുമാണെന്ന് ഓഗസ്റ്റിലെ കണക്കുകൾ സൂചിപ്പിക്കുന്നു.ഇക്വിറ്റി വിഭാഗത്തിനുള്ളിൽ തന്നെ വിവര സാങ്കേതികവിദ്യാ മേഖലയിൽ നിക്ഷേപിക്കുന്ന ഓപ്പൺ എൻഡഡ് പദ്ധതിയായ ടാറ്റാ ഡിജിറ്റൽ ഇന്ത്യ ഫണ്ട്, ഫാർമസ്യൂട്ടിക്കൽ, ഹെൽത്ത്കെയർ മേഖലകളിൽ നിക്ഷേപിക്കുന്ന ഓപ്പൺ എൻഡഡ് ഇക്വിററി പദ്ധതിയായ ടാറ്റാ ഇന്ത്യ ഫാർമ ആന്റ് ഹെൽത്ത്കെയർ ഫണ്ട് എന്നിവ പോലുള്ള സെക്ടറൽ ഫണ്ടുകളിലാണ് നിക്ഷേപകർ താൽപര്യം പ്രകടിപ്പിച്ചത്. ഇരു പദ്ധതികളും സെക്ടറൽ ഫണ്ടുകളുടെ വിഭാഗത്തിൽ പെടുന്നതിനാൽ അവ വളരെ ഉയർന്ന റിസ്ക് വിഭാഗത്തിനു കീഴിലാണെന്നതും ശ്രദ്ധിക്കേണ്ടതാണ്.

ഫോക്കസ്ഡ് ഫണ്ടുകൾ ഒരു വിഭാഗമെന്ന നിലയിൽ നിക്ഷേപ താൽപര്യം ആകർഷിക്കുന്നതായും കാണാനാവുന്നുണ്ട്.നിക്ഷേപ പ്രക്രിയയിലും അച്ചടക്കത്തോടെ നിക്ഷേപത്തെ സമീപിക്കുന്നതിലുമാണ് ടാറ്റാ അസറ്റ് മാനേജ്മെന്റിൽ തങ്ങൾ ശ്രദ്ധ പതിപ്പിക്കുന്നതെന്ന് ടാറ്റാ അസറ്റ് മാനേജ്മെന്റ് ഫണ്ട് മാനേജർ മീത ഷെട്ടി പറഞ്ഞു. സെക്ടറൽ പദ്ധതികളും ഫോക്കസ്ഡ് പദ്ധതികളും അടക്കമുള്ള തങ്ങളുടെ മ്യൂച്വൽ ഫണ്ട് പദ്ധതികളിലെല്ലാം നിക്ഷേപത്തിനായി ന്യായമായ വിലയിൽ വളർച്ച എന്ന സമീപനമാണു തങ്ങൾ സ്വീകരിക്കുന്നത്. ഉന്നത നിലവാരമുള്ള ഓഹരികളിൽ നിക്ഷേപിക്കാനും അതേ സമയം ഗുണമേൻമയുള്ള ഓഹരികൾ ന്യായമായ വിലയിൽ വാങ്ങുന്നു എന്ന് ഉറപ്പാക്കാനും ഈ സമീപനം സഹായകമാകുന്നു. വിപുലമായ വിപണിയിൽ ഇപ്പോൾ ശക്തമായ വളർച്ചയും റീറേറ്റിംഗും കാണാൻ കഴിയുന്ന ധാരാളം അവസരങ്ങളുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

അവ ടാറ്റാ ഫോക്കസ്ഡ് ഇക്വിറ്റി ഫണ്ടിലൂടെ പ്രയോജനപ്പെടുത്താനാണ് ശ്രമിക്കുന്നത്. ഫോക്കസ്ഡ് ഫണ്ട് 30 ഓഹരികളുടെ ഒരു ലിമിറ്റഡ് സ്റ്റോക്ക് പോർട്ട്ഫോളിയോ ആയതിനാൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയും. ഇത് പ്രകനം മെച്ചപ്പെടുത്താൻ ഞങ്ങളെ സഹായിക്കുന്നു.

ടോപ് ഡൗൺ, ബോട്ടംഅപ് സമീപനങ്ങളിലൂടെ തങ്ങൾ ഇവ ആസൂത്രണം ചെയ്യുകയുമാണ്. ഐടി, ഫാർമ മേഖലകളും തിരുത്തലുകളിലൂടെ കടന്നു പോയിരുന്നു. ഐടി മേഖലയിലെ വളർച്ച ദശാബ്ദത്തിലെ ഏറ്റവും കുറഞ്ഞതിനടുത്താണ്. സമീപ, മധ്യ കാലങ്ങളിൽ ഇതു തിരിച്ചു വരുമെന്നു തങ്ങൾ പ്രതീക്ഷിക്കുന്നു.

ഫാർമ മേഖലയെ സംബന്ധിച്ച് 2015 നു ശേഷമുള്ള ദീർഘമായ വെല്ലുവിളികളുടെ ഘട്ടത്തിനു ശേഷം ചെറിയ പുതുക്കൽ ദൃശ്യമായിട്ടുണ്ട്. ഇരു മേഖലകളും അവയുടെ ദീർഘകാല ശരാശരിക്ക് അടുത്തായാണ് ട്രേഡു ചെയ്യുന്നതെന്നാണ് തങ്ങളുടെ നിരീക്ഷണമെന്നും അവർ കൂട്ടിച്ചേർത്തു.

## 89 ശതമാനം നിക്ഷേപകർക്കും നഷ്ടസാധ്യതാ വിശകലനത്തിന്റെ പ്രാധാന്യത്തെ കുറിച്ച് അവബോധമെന്ന് ആക്സിസ് മ്യൂച്വൽ ഫണ്ട് സർവേ

**കൊച്ചി:** തങ്ങളുടെ നിക്ഷേപ യാത്രയിൽ നഷ്ടസാധ്യതാ വിശകലനം വഹിക്കുന്ന പങ്കിനെ കുറിച്ച് 89 ശതമാനം നിക്ഷേപകർക്കും അവബോധമുണ്ടെന്ന് ആക്സിസ് മ്യൂച്വൽ ഫണ്ട് സംഘടിപ്പിച്ച സർവേ ചൂണ്ടിക്കാട്ടുന്നു.

മ്യൂച്വൽ ഫണ്ടുകളുടെ നഷ്ടസാധ്യത വിലയിരുത്താൻ റിസ്ക് ഓ മീറ്റർ പ്രയോജനപ്പെടുത്തുന്നതിനെ കുറിച്ച് സർവേയിൽ പ്രതികരിച്ച 55 ശതമാനം പേർക്കും അറിയില്ലെന്നും പഠനം ചൂണ്ടിക്കാട്ടുന്നു. വ്യക്തിഗത നഷ്ട സാധ്യത വിലയിരുത്താനുള്ള റിസ്ക് പ്രൊഫൈലറിനെ കുറിച്ച് അറിവില്ലാത്തത് 69 ശതമാനം പേർക്കാണ്. നഷ്ടസാധ്യതാ വിശകലനത്തെ കുറിച്ചുള്ള അവബോധത്തിന്റെ തോത് മനസിലാക്കാനായി രാജ്യത്തുടനീളമായുള്ള 1700 ആക്സിസ് മ്യൂച്വൽ ഫണ്ട് നിക്ഷേപകരിലാണ് സർവേ നടത്തിയത്.

നിക്ഷേപത്തിൽ സഹായിക്കുന്നതോടൊപ്പം മ്യൂച്വൽ ഫണ്ട് നിക്ഷേപവുമായി ബന്ധപ്പെട്ട വിവിധ വസ്തുതകൾ മനസിലാക്കാൻ പിന്തുണ നൽകുന്നതിലും ആക്സിസ് മ്യൂച്വൽ ഫണ്ട് തങ്ങളുടെ ഉത്തരവാദിത്തം മനസിലാക്കുന്നുണ്ടെന്ന് ആക്സിസ് എഎംസി മാനേജിങ് ഡയറക്ടറും സിഇഒയുമായ ബി ഗോപകുമാർ പറഞ്ഞു.നഷ്ടസാധ്യതാ വിലയിരുത്തലിന്റെ പ്രാധാന്യം 89 ശതമാനം നിക്ഷേപകർക്കും അറിയാമെങ്കിലും വെറും 27 ശതമാനം നിക്ഷേപകർ മാത്രമേ നിക്ഷേപത്തിനു മുൻപ് യഥാർത്ഥത്തിൽ തങ്ങളുടെ നിക്ഷേപത്തിനു മുൻപ് ഇത്തരം പരിഗണനകൾ നടത്തിയിട്ടുള്ളു എന്നും സർവേ ചൂണ്ടിക്കാട്ടുന്നു.

## ഹോണ്ട എസ്പി125 സ്പോർട്സ് എഡിഷൻ പുറത്തിറക്കി

**കൊച്ചി:** ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ പുതിയ എസ്പി125 സ്പോർട്സ് എഡിഷൻ അവതരിപ്പിച്ചു. 90,567 രൂപയാണ് ഡൽഹി എക്സ്ഷോറും വില. രാജ്യത്തുടനീളമുള്ള എല്ലാ ഹോണ്ട റെഡ് വിങ് ഡീലർഷിപ്പുകളിലും പരിമിത കാലത്തേക്ക് പുതിയ പതിപ്പ് ലഭ്യമാവും. മാറ്റ് മഫു കവർ, മെച്ചപ്പെടുത്തിയ ഗ്രാഫിക്സ് എന്നിവക്കൊപ്പം ബോഡി പാനലുകളിലും അലോയ് വീലുകളിലും ചടുലമായ സ്ട്രൈപ്പുകളുമായി ആകർഷകവും കുരുത്തുറ്റതുമായ ഡിസൈനാണ് പുതിയ എസ്പി 125 പതിപ്പിന്. ഹെവി ഗ്രേ മെറ്റാലിക് എന്നീ കളർ ഷേഡുകളിലാണ് പുതിയ പതിപ്പ് വരുന്നത്. എൽഇഡി ഹെഡ്ലാമ്പ്, ഫുള്ളി ഡിജിറ്റൽ ഇൻസ്ട്രുമെന്റൽ കൺസോൾ, ഗിയർ പൊസിഷൻ ഇൻഡിക്കേറ്റർ, മൈലേജ് ഇൻഫർമേഷൻ തുടങ്ങി മികച്ച ഫീച്ചറുകളും എസ്പി125 സ്പോർട്സ് പതിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 10.9 എൻഎം ടോർക്കും നൽകുന്ന സിംഗിൾ സിലിണ്ടർ ബിഎസ്6 ഒബിഡി2 അനുസൃത പിജിഎംഎഫ്ഐ എഞ്ചിനാണ് വാഹനത്തിന്. ഹോണ്ട സ്പോർട്സ് എഡിഷൻ വാഗ്ദാനം ചെയ്യുന്നു.




## ഒപ്റ്റിപ്രൈം ജനറേറ്റർ സെറ്റുകളുടെ നിര പുറത്തിറക്കി കിർലോസ്കർ ഓയിൽ എഞ്ചിൻസ്

**കൊച്ചി:** ഊർജോൽപാദന വ്യവസായ മേഖലയിലെ മുൻനിര കമ്പനിയായ കിർലോസ്കർ ഓയിൽ എഞ്ചിൻസ് (കെഒഇ എൽ) സിപിസിബി4പ്ലസ് നിബന്ധനകൾ പാലിക്കുന്ന ജനറേറ്റർ സെറ്റുകളുടെ പുതിയ നിര പുറത്തിറക്കി.

ഉയർന്ന പ്രകടനം, ഇന്ധനക്ഷമത, പാരിസ്ഥിതിക ഉത്തരവാദിത്വങ്ങൾ പാലിക്കുക എന്നിങ്ങനെയുള്ള കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധയൂന്നിക്കൊണ്ടുള്ള ഈ പുതിയ ജെൻസെറ്റുകൾ സെൻട്രൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് നിശ്ചയിച്ചിരിക്കുന്ന ഏറ്റവും പുതിയ പുക പുറന്തള്ളൽ നിബന്ധനകൾ പാലിക്കുന്നവയാണ്. സുസ്ഥിര ഊർജ്ജ ഉൽപ്പാദനത്തോടും പരിസ്ഥിതി സംരക്ഷണത്തോടും കിർലോസ്കർ പുലർത്തുന്ന പ്രതിബദ്ധത വിളിച്ചോതുന്നവയാണ് ഈ ജെൻസെറ്റുകൾ. വിവിധ മേഖലകളിലായുള്ള ഊർജ ആവശ്യങ്ങൾക്ക് അനുസൃതമായി പ്രത്യേകം രൂപകൽപന ചെയ്തവയാണ് ഇവ. ബിസിനസ് സ്ഥാപനങ്ങൾക്കും സമൂഹങ്ങൾക്കും കൂടുതൽ വിശ്വസനീയവും ശുദ്ധവും മെച്ചപ്പെട്ടതുമായ ഊർജം ഇത് ലഭ്യമാക്കും. വ്യത്യസ്ത തരത്തിലുള്ള ഇന്ധനങ്ങളിൽ ഫലപ്രദമായി പ്രവർത്തിക്കുവാൻ വിധം രൂപം നൽകിയിട്ടുള്ള കിർലോസ്കർ ജെൻസെറ്റുകൾ ഡീസൽ, പ്രകൃതി വാതകം, ബയോഗ്യാസ് തുടങ്ങിയവയിൽ പ്രവർത്തിപ്പിക്കാം. ഐഒടി സജ്ജമായ ജെൻസെറ്റുകൾ ആദ്യമായി പുറത്തിറക്കിയ കിർലോസ്കർ 60,000ലധികം ജെൻസെറ്റുകൾ വിവിധ ഇടങ്ങളിൽ വിജയകരമായി വിന്യസിച്ചിട്ടുണ്ട്.

90%ത്തോളം ജെൻസെറ്റുകളും അവയുടെ പ്രവർത്തന സമയങ്ങളിലുടനീളം ഫലപ്രദമായ പ്രാരംഭ ലോഡിന് താഴെയാണ് പ്രവർത്തിച്ചു വരുന്നതെന്ന് കണക്കുകൾ ചൂണ്ടിക്കാട്ടുന്നു. കിർലോസ്കറിന്റെ പുതിയ നിരയിൽപ്പെട്ട ഒപ്റ്റിപ്രൈം ജെൻസെറ്റുകൾ കമ്പനിയുടെ പേറ്റന്റ് ചെയ്യപ്പെട്ട സങ്കര സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ നിർമിച്ചിരിക്കുന്നതിനാൽ ഫലപ്രദമായ ലോഡിന്റെ റേഞ്ച് വിശാലമാക്കുവാൻ അത് സഹായിക്കും. ഇന്ധനവും മറ്റ് സാമഗ്രികളും ഉപയോഗിക്കുന്നത് കുറക്കാനും ഇതിലൂടെ സാധിക്കും. 24 മണിക്കൂറും ലഭ്യമായ, 3000ലധികം പ്രതിബദ്ധരായ സാങ്കേതിക വിദഗ്ധരുള്ള, ഉപഭോക്തൃ സേവന ശൃംഖലയും കമ്പനിക്കുണ്ട്. ഇന്ത്യയിൽ നിർമിക്കുന്ന കിർലോസ്കറിന്റെ ജെൻസെറ്റുകൾ വിവിധ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നുണ്ട്.

തുടക്കം മുതൽ തന്നെ ഊർജ്ജോൽപാദന വ്യവസായ മേഖലയിലെ മുൻനിരക്കാരാണ് കിർലോസ്കർ ഓയിൽ എഞ്ചിൻസ് ലിമിറ്റഡെന്ന് പുതിയ ജെൻ സെറ്റുകൾ പുറത്തിറക്കുന്ന ചടങ്ങിൽ സംസാരിക്കവെ കമ്പനിയുടെ മാനേജിങ് ഡയറക്ടർ ഗൗരി കിർലോസ്കർ പറഞ്ഞു, ഡീസൽ ജനറേറ്റർ സെറ്റുകളുടെ മേഖലയിൽ വിപണിയിലെ മുൻ നിരക്കാർഎന്ന അചഞ്ചലമായ ഞങ്ങളുടെ സ്ഥാനം വിജയത്തിലേക്കുള്ള ഞങ്ങളുടെ യാത്രയുടെ ദൃഷ്ടാന്തമാണ്. ഞങ്ങൾ വാഗ്ദാനം ചെയ്യുന്ന ഏറ്റവും പുതിയ ഒപ്റ്റിപ്രൈം ജെൻസെറ്റുകൾ വിപണിയിലെ ഞങ്ങളുടെ നേതൃത്വത്തെ കൂടുതൽ ശക്തിപ്പെടുത്തുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നുവെന്നും അവർ കൂട്ടിച്ചേർത്തു.




കർണ്ണാടക ബാങ്കിന്റെ ഭീഷണിയെ തുടർന്ന് കോട്ടയത്ത് വ്യാപാരി ആത്മഹത്യ ചെയ്യേണ്ടിവന്നതിൽ പ്രതിഷേധിച്ച് വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം നിയോജക മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ എറണാകുളം എം.ജി.റോഡിലെ കർണ്ണാടക ബാങ്ക് ശാഖ ഉപരോധിക്കുന്നു. ഉപരോധ സമരം കെ.വി.വി.ഇ.എസ് എറണാകുളം നിയോജക മണ്ഡലം പ്രസിഡന്റ് എം.സി.പോൾസൺ ഉദ്ഘാടനം ചെയ്യുന്നു.



എറണാകുളം എം.ജി.റോഡിലെ കർണ്ണാടക ബാങ്ക് ശാഖ ഉപരോധിച്ച വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് സംസ്ഥാന സെക്രട്ടറി പ്രദീപ് ജോസ്, എറണാകുളം ജില്ലാ കമ്മിറ്റി അംഗം ബിനു, സിറ്റി നോർത്ത് യൂണിറ്റ് വിംഗ് പ്രസിഡന്റ് അഭിലാഷ് എന്നിവരെ സെൻട്രൽ പോലീസ് അറസ്റ്റ് ചെയ്ത് നീക്കുന്നു.

# വ്യാപാരികൾ കർണ്ണാടക ബാങ്ക് ഉപരോധിച്ചു

**കൊച്ചി :** കർണ്ണാടക ബാങ്കിന്റെ ഭീഷണിയെ തുടർന്ന് കോട്ടയത്ത് വ്യാപാരി ആത്മഹത്യ ചെയ്യേണ്ടിവന്നതിൽ പ്രതിഷേധിച്ച് വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം നിയോജക മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ എറണാകുളം എം.ജി. റോഡിലെ കർണ്ണാടക ബാങ്ക് ശാഖ ഉപരോധിച്ചു.

ഉപരോധ സമരം കെ.വി.വി.ഇ.എസ് എറണാകുളം നിയോജക മണ്ഡലം പ്രസിഡന്റ് എം.സി.പോൾസൺ ഉദ്ഘാടനം ചെയ്തു. നിയോജക മണ്ഡലം സെക്രട്ടറി എഡ്വേർഡ് ഫോസ്റ്റസ്, ചേരാനല്ലൂർ യൂണിറ്റ് പ്രസിഡന്റ് ഷുക്കൂർ, ടെൻസൺ ജോർജ് തേവര, എസ്.കെ.പ്രേം, പി.സുരേഷ് ഗോപി, ജോളി തേവര, നെൽസൺ കൊറയ, അബ്ദുൾ ജലീൽ, കെ.എ.അനൂപ്, ജംഷീർ കലൂർ തുടങ്ങിയവർ പ്രസംഗിച്ചു. യൂത്ത് വിംഗ് സംസ്ഥാന സെക്രട്ടറി പ്രദീപ് ജോസ്, എറണാകുളം ജില്ലാ കമ്മിറ്റി അംഗം ബിനു, സിറ്റി നോർത്ത് യൂണിറ്റ് വിംഗ് പ്രസിഡന്റ് അഭിലാഷ് എന്നിവരെ എറണാകുളം സെൻട്രൽ പോലീസ് അറസ്റ്റ് ചെയ്ത് നീക്കി.

# ബജ്റംഗ്ദൾ ശൗര്യ ജാഗരണ രഥയാത്ര ഒക്ടോബർ ഒന്നു മുതൽ ആറ് വരെ

**കൊച്ചി :** വിശ്വഹിന്ദു പരിഷത്തിന്റെ യുവജന വിഭാഗമായ ബജറംഗ്ദൾ കേരള ഘടകം മദ്യ, മയക്കുമരുന്ന്, തീവ്രവാദ പ്രവർത്തനങ്ങൾക്കെതിരെ രഥയാത്ര സംഘടിപ്പിക്കുന്നു. ശൗര്യ ജാഗരണ രഥയാത്ര എന്ന പേരിൽ ഒക്ടോബർ ഒന്നിന് മുതൽ ആറ് വരെയാണ് യാത്ര.




ബജ്റംഗ്ദൾ കേരള ഘടകം മദ്യ, മയക്കുമരുന്ന്, തീവ്രവാദ പ്രവർത്തനങ്ങൾക്കെതിരെ ഒക്ടോബർ ഒന്നിന് മുതൽ ആറ് വരെ സംഘടിപ്പിക്കുന്ന ശൗര്യ ജാഗരണ രഥയാത്രയുടെ പ്രഖ്യാപനം കൊച്ചിയിൽ വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന അധ്യക്ഷൻ വിജി തമ്പി നടത്തുന്നു. ബജ്റംഗ്ദൾ സംസ്ഥാന സംയോജക് അനൂപ് രാജ്, ക്ഷേത്രീയ സംയോജകൻ ജിജേഷ് പട്ടേരി, വി.എച്ച്.പി. സംസ്ഥാന ജനറൽ സെക്രട്ടറി വി.ആർ.രാജശേഖരൻ എന്നിവർ സമീപം.

മഞ്ചേശ്വരത്തു നിന്നും തിരുവനന്തപുരം വരെയാണ് യാത്ര. ഒക്ടോബർ ഒന്നിന് മഞ്ചേശ്വരം ശ്രീ അനന്തേശ്വര ക്ഷേത്രസന്നിധിയിൽ തേജസ്വി സൂര്യ എംപി രഥയാത്ര ഫ്ളഗ് ഓഫ് ചെയ്യും. ഒക്ടോബർ ആറിന് തിരുവനന്തപുരം ശ്രീപത്മനാഭ സ്വാമി ക്ഷേത്ര സന്നിധിയിലെ സമാപന സമ്മേളനം തമിഴ്നാട് ബിജെപി അധ്യക്ഷൻ കെ അണ്ണാമല ഉദ്ഘാടനം ചെയ്യും. മേജർ രവി മുഖ്യ പ്രഭാഷണം നടത്തും. ഉദ്ഘാടന സമാപന യോഗങ്ങളിൽ വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന അധ്യക്ഷൻ വിജിതമ്പി, സംസ്ഥാന ജനറൽ സെക്രട്ടറി വി ആർ രാജശേഖരൻ , സംഘടന സെക്രട്ടറി കെ.ഗിരീഷ് കുമാർ , സംസ്ഥാന ഉപാധ്യക്ഷൻ അഡ്വക്കേറ്റ് അനിൽ വിളയിൽ, ബജറംഗ്ദൾ ക്ഷേത്രീയ സംയോജകൻ ജിജേഷ് പട്ടേരി സംസ്ഥാന സംയോജക് അനൂപ് രാജ് തുടങ്ങിയവർ പങ്കെടുക്കുമെന്ന് വി.എച്ച്.പി സംസ്ഥാന പ്രസിഡന്റ് വിജി തമ്പി, ജനറൽ സെക്രട്ടറി വി.ആർ.രാജശേഖരൻ, ബജറംഗ്ദൾ ക്ഷേത്രീയ സംയോജകൻ ജിജേഷ് പട്ടേരി സംസ്ഥാന സംയോജക് അനൂപ് രാജ് എന്നിവർ കൊച്ചിയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

കേരളത്തിലെ യുവസമൂഹം ഇന്ന് മത തീവ്രവാദി ശക്തികളുടെയും അന്താരാഷ്ട്ര മയക്കുമരുന്ന് ലോബിയുടേയും പിടിയിൽ അമർന്നു കഴിഞ്ഞെന്നും ഈ യുവതയെ ദേശീയ ധാരയിലേക്ക് തിരിച്ചു കൊണ്ടുവരാനും അതിൽ കൂടി കേരളത്തിന്റെ ആദ്ധ്യാത്മിക സാമൂഹിക മേഖലകളിൽ നവസൃഷ്ടി നടത്താനുമാണ് ബജറംഗ്ദൾ ശ്രമിക്കുന്നത്. കേരളത്തിലെ എല്ലാ റവന്യൂ ജില്ലാ അടിസ്ഥാനത്തിലും യാത്രയുമായി ബന്ധപ്പെട്ട പൊതുയോഗങ്ങൾ സംഘടിപ്പിക്കുന്നുണ്ട്.

ഭാരതത്തിലെ പ്രമുഖ ഹൈന്ദവ നേതാക്കന്മാരും സന്യാസി ശ്രേഷ്ഠന്മാരും വിശ്വഹിന്ദു പരിഷത്ത് നേതാക്കന്മാരും, പ്രവർത്തകരും, മറ്റ് പരിവാർ സംഘടന നേതാക്കളും പ്രവർത്തകരും ജില്ലാ അടിസ്ഥാനത്തിൽ നടക്കുന്ന പൊതുയോഗങ്ങളിൽ സംസാരിക്കും. ജാതി, മത, വർണ്ണ, വർഗ്ഗ വ്യത്യാസമില്ലാതെ സനാതന സംസ്കാരത്തിന് പിന്തുണ നൽകുന്ന ഏത് രാഷ്ട്രീയ പാർട്ടികളുടെയും നേതാക്കൾക്കും പ്രവർത്തകർക്കും ബജ്റംഗദൾ സംഘടിപ്പിക്കുന്ന രഥയാത്രയിൽ സംബന്ധിക്കാവുന്നതാണെന്നും നേതാക്കൾ പറഞ്ഞു.




അപ്ട്രോണിക്സ് സ്ഥാപകരായ മേഘന സിങ്,സുത്തീർ സിങ് എന്നിവർ ചേർന്ന് ഐഫോൺ 15 അവതരിപ്പിച്ചപ്പോൾ

# ആപ്പിൾ ഐഫോൺ 15 സീരിസ് അവതരിപ്പിച്ചു

**ഹൈദരാബാദ് :** ആപ്പിളിന്റെ ഇന്ത്യയിലെ ആദ്യ പ്രീമിയം പങ്കാളിയായ അപ്ട്രോണിക്സ് ഇന്ത്യയിലുടനീളം തങ്ങളുടെ 56 സ്റ്റോറുകളിൽ ഐഫോൺ 15 സീരിസ് അവതരിപ്പിച്ചു. അപ്ട്രോണിക്സ് സ്ഥാപകരായ മേഘന സിങ്,സുത്തീർ സിങ് എന്നിവർ ചേർന്നാണ് ഐഫോൺ 15 സീരിസ് അവതരിപ്പിച്ചത്. ആപ്പിൾ വാച്ച് സീരിസ് 9, ആപ്പിൾ വാച്ച് അൾട്രാ 2 എന്നിവയും അവതരിപ്പിച്ചു. ഐഫോൺ 12ന്റെ ഉപഭോക്താക്കൾക്ക് ഫോണിന്റെ അവസ്ഥയ്ക്കനുസരിച്ച് 20,000 മുതൽ 25,000 രൂപ വരെ എക്സ്ചേഞ്ച് ഓഫറും കൂടാതെ അപ്ട്രോണിക്സിന്റെ ഉപഭോക്താക്കൾക്ക് 5000 രൂപയുടെ അധിക കിഴിവും ലഭിക്കും. എച്ച്ഡിഎഫ്സി ബാങ്ക് കാർഡുകൾ ഉള്ളവർക്ക് ഇ.എം.ഐ സൗകര്യത്തിന് പുറമെ 5000 രൂപ വരെ തൽക്ഷണ മുൻകൂർ ക്യാഷ് ബാക്കും ലഭിക്കും. മുഴുവൻ ഓഫറുകളും കൂടി ചേരുമ്പോൾ 43 ശതമാനത്തിന്റെ കുറവാണ് ഉണ്ടാവുക. അപ്ട്രോണിക്സ് സമീപ ഭാവിയിൽ തങ്ങളുടെ സാന്നിധ്യം രാജ്യത്തെ മുഴുവൻ നഗരങ്ങളിലേയ്ക്കും പട്ടണങ്ങളിലേയ്ക്കും വ്യാപിപ്പിക്കുമെന്ന് സുത്തീർ സിങ് പറഞ്ഞു.

# ഷോപ്സിയിലൂടെയുള്ള വിൽപ്പനയിൽ രണ്ടിരട്ടി വർധനവ്

**കൊച്ചി:** ഇകോമേഴ്സ് പ്ലാറ്റ്ഫോമായ ഫ്ളിപ്കാർട്ട്ഷോപ്സിയിലൂടെയുള്ള വിൽപ്പനയിൽ വർധനവ്. അടുത്തിടെ സമാപിച്ച മെഗാ ഷോപ്പിംഗ് കാർണിവലിന്റെ മൂന്നാം പതിപ്പിലാണ് രണ്ടിരട്ടിയിലധികം വിൽപ്പന വർധിച്ചത്.

മേഡിനിപൂർ, മഥുര, ജാൽഗൺ ഉൾപ്പെടെയുള്ള ചെറു പട്ടണങ്ങളിൽ നിന്നാണ് കൂടുതൽ പേർ ഉൽപ്പന്നങ്ങൾ വാങ്ങിയത്. പുരുഷന്മാരുടെ ടിഷർട്ട്, സാരികൾ, കുർത്തികൾ, ആക്സസറികൾ എന്നിവക്കായിരുന്നു ആവശ്യക്കാർ കൂടുതൽ. ഇന്ത്യയിലുടനീളമുള്ള ഉപഭോക്താക്കൾക്കായി 1300ലധികം വിഭാഗങ്ങളിലായി 160 ദശലക്ഷം ഉൽപ്പന്നങ്ങളാണ് ഷോപ്സി വഴി വിൽക്കുന്നത്. ഉപഭോക്താക്കൾക്കായി ആകർഷകമായ ഉൽപ്പന്നങ്ങളുടെ വിപുലമായ ശ്രേണി വാഗ്ദാനം ചെയ്യുന്നത് തുടരാനാണ് ഷോപ്സി ലക്ഷ്യമിടുന്നതെന്ന് ഫ്ളിപ്കാർട്ടിലെ ഷോപ്സി മേധാവി കപിൽ തിരാണി പറഞ്ഞു.

# നെയ്ത്തുകാരുടെ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകും

**കൊച്ചി:** ഹാൻഡ്മെയ്ഡ് റഗ് നിർമാണ മേഖലയിലെ മുൻനിരക്കാരായ ജെയ്പൂർ റഗ്സ് തങ്ങളുടെ വാർഷിക റഗ് ഉൽസവിന്റെ ഭാഗമായി ഇത്തവണ നെയ്ത്തുകാരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ നൽകും. 2023ലെ റഗ് ഉൽസവ് സെപ്റ്റംബർ 27നാണ് ആരംഭിക്കുന്നത്.

കരകൗശല ശേഖരങ്ങൾക്ക് വൻ ഇളവുകളും ഇതോടനുബന്ധിച്ച് പ്രഖ്യാപിച്ചിട്ടുണ്ട്. തങ്ങളുടെ നെയ്ത്തുകാരുടെ ജീവിതം ശോഭനമാക്കുന്നതിന് ജെയ്പൂർ റഗ്സ് എന്നും മുൻഗണന നൽകാറുണ്ടെന്ന് ഇതേക്കുറിച്ചു സംസാരിക്കവെ ജെയ്പൂർ റഗ്സ് ഡയറക്ടർ യോഗേഷ് ചൗധരി പറഞ്ഞു. ഈ വർഷം റഗ്സ് ഉൽസവിന്റെ ഒരു വിഹിതം ജെഞ്ചർ സ്കോളർഷിപ് പദ്ധതിക്കായി സംഭാവന ചെയ്യുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഗാന്ധി ജയന്തി വാരം: ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് ക്വിസ് മത്സരം

**കൊച്ചി :**ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്കായി ഗാന്ധി ജയന്തി വാരത്തോടനുബന്ധിച്ച് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ക്വിസ്സ് മത്സരം നടത്തുന്നു. ജില്ലാതല മത്സരം ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫീസിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 7ന് രാവിലെ 11ന് ഖാദി ബോർഡിന്റെ എറണാകുളം ജില്ലാ ഓഫീസിൽ നടത്തും.

എറണാകുളം ജില്ലയിലെ എല്ലാ സർക്കാർ സ്കൂളുകൾക്കും, അംഗീകൃത എയ്ഡഡ്, അൺ എയ്ഡഡ്, സ്റ്റേറ്റ്, സി ബി എസ് ഇ, ഐ സി എസ് ഇ, ഐ എസ് സി സിലബസ് സ്കൂളുകൾക്കും മത്സരത്തിൽ പങ്കെടുക്കാം.

ഒരു സ്കൂളിൽ ഹൈസ്കൂൾ തലത്തിൽ നിന്നും, ഹയർ സെക്കൻഡറി സ്കൂൾ തലത്തിൽ നിന്നും 2 വിദ്യാർത്ഥികളടങ്ങുന്ന 2 ടീമിന് പങ്കെടുക്കാം. മത്സരത്തിലെ വിഷയം മഹാത്മാഗാന്ധിയും ഖാദിയും സ്വാതന്ത്ര്യ സമരവും എന്നതാണ്. മത്സരം പൂർണ്ണമായും മലയാള ഭാഷയിലായിരിക്കും.

ജില്ലാതല മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനം നേടുന്ന ടീമിന് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ നടത്തുന്ന സംസ്ഥാന തല മത്സരത്തിൽ പങ്കെടുക്കാം. ജില്ലാ തല മത്സരത്തിലെ ഒന്നും രണ്ടും സ്ഥാനക്കാർക്ക് സമ്മാനങ്ങളും പങ്കെടുക്കുന്ന എല്ലാവർക്കും സർട്ടിഫിക്കറ്റും നല്കും.

മത്സരത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സ്കൂൾ പ്രിൻസിപ്പലിന്റെ /ഹെഡ് മാസ്റ്ററുടെ സർട്ടിഫിക്കറ്റ് സഹിതം കലൂരിലുള്ള ജില്ലാ ഖാദി ഗ്രാമ വ്യവസായ ഓഫീസിൽ ഒക്ടോബർ 5ന് വൈകിട്ട് 5നകം പേര് രജിസ്റ്റർ ചെയ്യണം. അന്നേ ദിവസം ഉച്ചയ്ക്ക് രണ്ടിന് പ്രമുഖ ഗാന്ധിയൻമാരെയും, വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ച് ഗാന്ധിയൻ ചിന്തകൾ പുതിയ തലമുറയിലേക്ക് എന്ന വിഷയത്തിൽ നടത്തുന്ന ചർച്ചയും നടത്തും. കൂടുതൽ വിവരങ്ങൾക്ക്: ഫോൺ: 9895081921, 9745724001

# ജില്ലാ /ബ്ലോക്ക് കോ ഓഡിനേറ്റർ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** വനിത ശിശു വികസന വകുപ്പിന്റെ സമ്പുഷ്ട കേരളം പദ്ധതിയിൽ ഒഴിവുള്ള ജില്ലാ /ബ്ലോക്ക് കോ ഓഡിനേറ്റർ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കമ്പ്യൂട്ടർ സയൻസ് / ഐ ടി വിഷയത്തിൽ അംഗീകൃത സർവ്വകലാശാലയിൽ നിന്നും ബിരുദം അഥവാ ഡിപ്ലോമയുള്ളവർക്ക് ജില്ല കോ ഓഡിനേറ്റർ തസ്തികയിലും അംഗീകൃത സർവകലാശാലയിൽ നിന്നും ബിരുദമുള്ളവർക്ക് ബ്ലോക്ക് കോ ഓഡിനേറ്റർ തസ്തികയിലും അപേക്ഷിക്കാം.

20 നും 35നും മധ്യ പ്രായമുള്ള , കമ്പ്യൂട്ടർ പരിജ്ഞാനം, സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ സപ്പോർട്ട്, സാങ്കേതികവിദ്യ എന്നിവയിൽ കുറഞ്ഞത് രണ്ടു വർഷത്തെ പ്രവൃത്തി പരിചയമുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷകർ ബയോഡാറ്റ, വിദ്യാഭ്യാസ യോഗ്യത , പ്രവൃത്തി പരിചയം , ജനനതീയതി എന്നിവ തെളിയിക്കുന്ന രേഖകൾ സഹിതം പ്രോഗ്രാം ഓഫീസർ, ഐ.സി.ഡി.എസ്. സെൽ, മൂന്നാം നില, സിവിൽ സ്റ്റേഷൻ കാക്കനാട്, എറണാകുളം, 682030 എന്ന വിലാസത്തിൽ അപേക്ഷിക്കുക. അവസാന തീയതി ഒക്ടോബർ 10. ഫോൺ : 0484 2423934.

# ചെറുധാന്യ സന്ദേശ യാത്ര:ജില്ലാതല ഉദ്ഘാടനം കളക്ടർ നിർവഹിച്ചു

**കൊച്ചി:** ചെറുധാന്യ ഉൽപാദന പ്രദർശന വിപണന ബോധവത്ക്കരണ ക്യാമ്പയിനുമായി കുടുംബശ്രീ ജില്ലാ മിഷൻ. ക്യാമ്പയിനിന്റെ ഭാഗമായി നമത്ത് തീവനഗ എന്ന പേരിൽ സംഘടിപ്പിക്കുന്ന ചെറുധാന്യ സന്ദേശ യാത്രയുടെ ജില്ലാതല ഉദ്ഘാടനം കാക്കനാട് സിവിൽ സ്റ്റേഷൻ അങ്കണത്തിൽ കളക്ടർ എൻ എസ് കെ ഉമേഷ് നിർവഹിച്ചു. കേരളത്തിൽ ചെറുധാന്യങ്ങളുടെ ഉത്പാദനം വർധിപ്പിക്കാനും വിപണനം ഉയർത്താനും ലക്ഷ്യമിട്ടുകൊണ്ടാണ് ബോധവൽക്കരണ യാത്ര സംഘടിപ്പിക്കുന്നത്.

ബോധവൽക്കരണ യാത്രയുടെ ഭാഗമായി ചാമ, കമ്പ്, വരഗ്, പനിവരഗ്, മക്കാചോളം, കുതിരവാലി, അരിചോളം എന്നീ ചെറു ധാന്യങ്ങളുടെ പ്രദർശന മേള, പോഷകാഹാര മേള, ജൈവ വൈവിധ്യ വിത്തുകളുടെ പ്രദർശനം എന്നിവ സംഘടിപ്പിച്ചു. അന്താ രാഷ്ട്ര ചെറുധാന്യ വർഷത്തോടനുബന്ധിച്ച് അട്ടപ്പാടി ആദിവാസി സമഗ്ര വികസന പദ്ധതിയുടെ ഭാഗമായി ഉല്പാദിപ്പിച്ച ചെറുധാന്യങ്ങളാണ് മേളയിൽ പ്രദർശിപ്പിച്ചത്.

തുടർന്ന് ജില്ലാ പഞ്ചായത്ത് പ്രിയദർശിനി ഹാളിൽ നടന്ന പൊതുസമ്മേളനത്തിൽ കുടുംബശ്രീ ജില്ലാ മിഷൻ കോഡിനേറ്റർ ടി എം റജീന അധ്യക്ഷത വഹിച്ചു. ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ കാക്കനാട് മേഖല സെക്രട്ടറി ഡോ. ടോമി തോമസ് ചെറു ധാന്യങ്ങളുടെ പ്രാധാന്യം എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു.

അസിസ്റ്റന്റ് ജില്ലാ മിഷൻ കോഡിനേറ്റർ മാരായ അമ്പിളി തങ്കപ്പൻ, കെ സി അനുമോൾ, കെ ആർ രജിത, എം ഡി സന്തോഷ്, എന്നിവർ പങ്കെടുത്തു.

### അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കി

# പഞ്ചാബ് നാഷണൽ ബാങ്ക് മഹാരത്ന റൂറൽ എലെക്ട്രിഫിക്കേഷൻ കോർപറേഷൻ ലിമിറ്റഡുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു




**ന്യൂഡൽഹി :** രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെയും അടിസ്ഥാന സൗകര്യങ്ങളെയും ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ പഞ്ചാബ് നാഷണൽ ബാങ്ക് (പിഎൻബി) മഹാരത്ന കമ്പനി റൂറൽ എലെക്ട്രിഫിക്കേഷൻ കോർപറേഷൻ (ആർഇസി) ലിമിറ്റഡുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു. കേന്ദ്ര ഊർജ മന്ത്രാലയത്തിന്റെ ഭരണ നിയന്ത്രണത്തിലുള്ളതും നോൺബാങ്കിംഗ് ഫിനാൻസ് കമ്പനി (എൻബിഎഫ്സി), പബ്ലിക് ഫിനാൻഷ്യൽ സ്ഥാപനം (പിഎഫ്ഐ), ഇൻഫ്രാസ്ട്രക്ചർ ഫിനാൻസിംഗ് കമ്പനി (കഎഇ) എന്നീ നിലകളിൽ ഞആകയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ കമ്പനിയാണ് ആർഇസി ലിമിറ്റഡ്.

ഈ ധാരണാപത്രത്തിലൂടെ, പിഎൻബിയും ആർഇസി ലിമിറ്റഡും പരമപ്രധാനമായ മേഖലകളിലെ വായ്പാ അവസരങ്ങൾ കണ്ടെത്തുന്നതിനും സുഗമമാക്കുന്നതിനും ഒരുമിച്ച് പ്രവർത്തിക്കും. ഈ സഹകരണം രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും വികസനത്തിനും രണ്ട് ബ്രാൻഡുകളുടെയും പ്രതിബദ്ധത ഊന്നിപ്പറയുന്നു.

പിഎൻബി ചീഫ് ജനറൽ മാനേജർകോർപ്പറേറ്റ് ക്രെഡിറ്റ് രാജീവ, ആർഇസി എക്സിക്യൂട്ടീവ് ഡയറക്ടർ ടി.എസ്.സി ബോഷ് എന്നിവരുടെ സാന്നിധ്യത്തിലാണ് ധാരണാപത്രം ഒപ്പുവെച്ചത്. ഇരു സ്ഥാപനങ്ങളിലെയും മറ്റ് മുതിർന്ന ഉദ്യോഗസ്ഥരും ചടങ്ങിൽ സന്നിഹിതരായിരുന്നു.



# വിദ്യാഭ്യാസം ഭാവിയുടെ വെല്ലുവിളികളെ അതിജീവിക്കുന്നതാകണം: ഗവർണർ

**ചെങ്ങന്നൂർ** : ഭാവിയുടെ വെല്ലുവിളികളെ അതിജീവിക്കാൻ ഉതകുന്നതാകണം വിദ്യാഭ്യാസമെന്നും അതേസമയം, മാനവികതയും മൂല്യങ്ങളും വളർത്തിയെടുക്കാനും വിദ്യാഭ്യാസത്തിലൂടെ കഴിയണമെന്നും ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അഭിപ്രായപ്പെട്ടു. പുത്തൻകാവ് മെട്രോപ്പൊലിറ്റൻ ഹയർ സെക്കൻഡറി സ്കൂളിന്റെ, ഒരു വർഷം നീണ്ടു നിൽക്കുന്ന പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു ഗവർണർ. ജീവിതം സമൃദ്ധവും അർഥപൂർണവുമാകാൻ മികച്ച വിദ്യാഭ്യാസം വേണം.

സിലബസ് പരിഷ്കാരം അനിവാര്യമാണെങ്കിൽ നടപ്പാക്കണം. ഭാവി മുന്നിൽ കണ്ടുള്ളതാകണം ഇത്തരം നടപടികളെന്നും ഗവർണർ പറഞ്ഞു.54 വർഷം നീണ്ട അനുഗൃഹീത ജീവിതത്തിനിടെ പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസ് സ്ഥാപിച്ചതാണ് മെട്രോപ്പൊലിറ്റൻ സ്കൂൾ. ഇതിനു പുറമേ കാതോലിക്കേറ്റ് എച്ച്എസ്, കാതോലിക്കേറ്റ് കോളജ് എന്നിവയും അദ്ദേഹം സ്ഥാപിച്ചെന്നും ഗവർണർ അനുസ്മരിച്ചു. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ അധ്യക്ഷത വഹിച്ചു.

വിദ്യാഭ്യാസ രംഗത്തു പുതിയ വീക്ഷണം ഉണ്ടാകണമെന്നും പരിസ്ഥിതി സംരക്ഷണം ഉൾപ്പെടെ പ്രായോഗിക പാഠങ്ങൾ ഉൾപ്പെടുത്തി സിലബസ് പരിഷ്കരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

കൊടിക്കുന്നിൽ സുരേഷ് എംപി, കാതോലിക്കേറ്റ് ആൻഡ് എംഡി സ്കൂൾസ് മാനേജർ ഡോ.ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്, സ്കൂൾ കോഓർഡിനേറ്റർ ഫാ.ബിജു ടി.മാത്യു, പ്രിൻസിപ്പൽ പ്രിയ ജേക്കബ്, ഹെഡ്മാസ്റ്റർ എബി അലക്സാണ്ടർ, പ്രോഗ്രാം കൺവീനർ സുനിൽ പി. ഉമ്മൻ, പിടിഎ പ്രസിഡന്റ് പി.ഇ.വർക്കി എന്നിവരും പ്രസംഗിച്ചു.

ഗവർണർക്ക് പരിശുദ്ധ കാതോലിക്കാ ബാവാ ആറന്മുള കണ്ണാടി സമ്മാനിച്ചു. സമ്മേളനത്തിനു ശേഷം പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ കബറിൽ ഗവർണർ പുഷ്പാർച്ചന നടത്തി. 1948 ജൂലൈ 1ന് കാതോലിക്കേറ്റ് രത്നദീപം പുത്തൻകാവിൽ ഗീവർഗീസ് മാർ പീലക്സിനോസ് (പുത്തൻകാവിൽ കൊച്ചുതിരുമേനി) സ്ഥാപിച്ച സ്കൂളിൽ ഇന്ന് 778 വിദ്യാർഥികളുണ്ട്.

# എം.പിയുടെ പ്രാദേശിക വികസന പദ്ധതികൾ യഥാസമയം പൂർത്തിയാക്കണം: ബെന്നി ബഹനാൻ എം.പി

**കൊച്ചി:** എം.പി പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചുള്ളപദ്ധതികൾ കാലതാമസം ഒഴിവാക്കി സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് ബെന്നി ബഹനാൻ എം.പി നിർദേശിച്ചു. ജില്ലയിൽ ബെന്നി ബഹനാൻ എം. പിയുടെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ വിലയിരുത്തുന്നതിനായി ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് നിർദ്ദേശം.

പൂർത്തീകരിക്കാനുള്ള എല്ലാ പദ്ധതികളും സാങ്കേതിക തടസങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് എത്രയും വേഗം പൂർത്തിയാക്കാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. അനുവദിച്ചിരിക്കുന്ന തുക പരമാവധി ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു.

# കുമ്പളങ്ങിയിൽ സംരംഭകത്വ ബോധവൽകരണ ശിൽപശാല സംഘടിപ്പിച്ചു

**കൊച്ചി :** എന്റെ സംരംഭം നാടിന്റെ അഭിമാനം പദ്ധതിയുടെ ഭാഗമായി കുമ്പളങ്ങി ഗ്രാമപഞ്ചായത്തിൽ സംഘടിപ്പിച്ച സംരംഭകത്വ ബോധവൽകരണ ശിൽപശാല പ്രസിഡന്റ് ലീജ തോമസ് ഉദ്ഘാടനം ചെയ്തു. വ്യവസായ വാണിജ്യ വകുപ്പിന്റെയും കൊച്ചി താലൂക്ക് വ്യവസായ ഓഫീസിന്റെയും ആഭിമുഖ്യത്തിൽ നടന്ന ശില്പശാലയിൽ 46 സംരംഭകർ പങ്കെടുത്തു.

സംരംഭത്തിന് ആവശ്യമായ ബാങ്കിംഗ് നടപടിക്രമങ്ങൾ സാമ്പത്തിക ബോധവൽക്കരണം, സംരംഭകർക്കുള്ള വിവിധ സബ്സിഡി സഹായങ്ങൾ എന്നീ വിഷയങ്ങളിൽ ക്ലാസുകൾ നടന്നു. വ്യവസായ വികസന ഓഫീസർ റോഹൻ റൈനോൾഡ്, റിസോഴ്സ് പേഴ്സൺ ദീപക് ലാൽ, പി.കെ കൃഷ്ണൻ, ജിജി മേരി എന്നിവർ ശില്പശാലയിൽ പങ്കെടുത്ത സംരംഭകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. പഞ്ചായത്ത് ഹാളിൽ രാവിലെ 10.30ന് തുടങ്ങിയ ശില്പശാല 1.45ന് അവസാനിച്ചു.

വൈസ് പ്രസിഡന്റ് പി.എ സഗീർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ജെൻസി ആന്റണി, വികസനകാര്യ സ്റ്റാൻഡിങ് കമ്മറ്റി ചെയർപേഴ്സൺ ജാസ്മിൻ രാജേഷ്, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ജേക്കബ് ബേസിൽ എന്നിവർ പങ്കെടുത്തു.

## സ്വയംതൊഴിൽ ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി :**പട്ടികജാതി വിഭാഗത്തിൽപ്പെട്ട വേടൻ, നായാടി, കല്ലാടി, അരുന്ധതിയാർ, ചക്ലിയ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും സ്വയംതൊഴിൽ ധനസഹായ പദ്ധതിക്കായി എറണാകുളം ജില്ലാ പട്ടികജാതി വികസന ഓഫീസർ അപേക്ഷകൾ ക്ഷണിച്ചു.

അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 5. അപേക്ഷ, ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, പ്രോജക്ട് റിപ്പോർട്ട് എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസകളിലോ ബന്ധപ്പെടുക.

## ഇടെൻഡർ ക്ഷണിച്ചു

**കൊച്ചി :**എറണാകുളം ജനറൽ ആശുപത്രിയിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ ആവശ്യം വരുന്ന മുറയ്ക്ക് നിശ്ചിത എണ്ണം മൾട്ടി പർപ്പസ് ജീവനക്കാരെ (നഴ്സിംഗ് അസിസ്റ്റൻറ്, ഹോസ്പിറ്റൽ അറ്റൻഡൻറ് എന്നീ വിഭാഗം ജീവനക്കാരുടെ ജോലികളായിരിക്കും മൾട്ടി പർപ്പസ് വർക്കുകൾ ചെയ്യേണ്ടത്) 2023 നവംബർ ഒന്നു മുതൽ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ ലഭ്യമാക്കാൻ താത്പര്യമുള്ള ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും ആശുപത്രികളിൽ നഴ്സിംഗ് അസിസ്റ്റൻറ്, ഹോസ്പിറ്റൽ അറ്റൻഡൻറ് എന്നീ വിഭാഗങ്ങളിൽ മൾട്ടി പർപ്പസ് വർക്കർമാരുടെ സേവനം നൽകി പ്രവൃത്തി പരിചയമുള്ള അംഗീകൃത സ്ഥാപനങ്ങൾ/ഏജൻസികളിൽ നിന്നും മത്സരാധിഷ്ഠിത സ്വഭാവമുള്ള ഇടെൻഡറുകൾ www.etenders.kerala.gov.in വെബ്സൈറ്റ് മുഖേന ക്ഷണിച്ചു. ഇടെൻഡർ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 11 വൈകിട്ട് 5 വരെ. കൂടുതൽ വിവരങ്ങൾ പ്രവൃത്തി സമയങ്ങളിൽ നേരിട്ട് അറിയാം.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി :** കൊച്ചി അർബൻ ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസിലെ ആവശ്യങ്ങൾക്ക് കരാർ അടിസ്ഥാനത്തിൽ ലൈറ്റ് മോട്ടോർ വാഹനം (ജീപ്പ്/കാർ) വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതിന് ടെൻഡർ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 16. വിശദവിവരങ്ങൾക്ക് മട്ടാഞ്ചേരി കൊച്ചി അർബൻ 1 ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0484 2227284, 9847110531

## സീനിയർ റസിഡൻറ് കരാർ നിയമനം

**കൊച്ചി :**എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ വിവിധ വിഭാഗങ്ങളിലായി സീനിയർ റസിഡൻറുമാരെ 70,000 രൂപ നിരക്കിൽ കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമിക്കുന്നു.

ഉദ്യോഗാർഥികൾ ഒക്ടോബർ 3 ന് രാവിലെ 11 മുതൽ ഉച്ചയ്ക്ക് ഒന്നു വരെ യോഗ്യത, വയസ്, കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ എന്നിവ തെളിയിക്കുന്ന ഒറിജിനൽ രേഖകൾ സഹിതം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിൽ ഹാജരാകണം. പ്രവൃത്തി പരിചയം അഭികാമ്യം.



# ശുദ്ധജലത്തിന് ഡിഐ പൈപ്പുകൾ സ്ഥാപിക്കുന്നു

**കടുത്തുരുത്തി:** കല്ലറ പഞ്ചായത്തിലേക്കു ശുദ്ധജലം എത്തിക്കാൻ ജല അതോറിറ്റി ആധുനിക നിലവാരത്തിലുള്ള ഡിഐ (ഡക്റ്റൈൽ അയൺ ) പൈപ്പുകൾ സ്ഥാപിക്കുന്നു. 8 കിലോമീറ്റർ ദൂരത്തിലാണു ഡിഐ പൈപ്പുകൾ സ്ഥാപിക്കുന്നത്. പുതിയതായി അറുനൂറ്റിമംഗലത്തു നിർമിക്കുന്ന ജല സംഭരണിയിൽ നിന്നു നേരിട്ടാണു കല്ലറ പഞ്ചായത്തിലെ പുത്തൻ പള്ളിയിലുള്ള ജല സംഭരണിയിലേക്കു ഡിഐ പൈപ്പുകൾ സ്ഥാപിച്ചു വെള്ളം എത്തിക്കുന്നത്.

കടുത്തുരുത്തിയിൽ നിന്നു വലിയ തോട്ടിലൂടെ സണ്ണി പാലം വഴി വാലാച്ചിറ സീഡ് ഫാം റോഡിലൂടെ വാലാച്ചിറ ചാക്കരി മുക്കിലെത്തി കല്ലറ റോഡിലൂടെ പൈപ്പുകൾ സ്ഥാപിക്കും. ഇതിനുള്ള ജോലികൾ അതിവേഗം പുരോഗമിക്കുകയാണ്. ജല ജീവൻ മിഷൻ പദ്ധതി പ്രകാരമാണു പൈപ്പ് സ്ഥാപിക്കൽ നടക്കുന്നത്. നിലവിലുണ്ടായിരുന്ന പിവിസി പൈപ്പുകൾക്കു പകരമായാണ് ഡിഐ പൈപ്പുകൾ സ്ഥാപിക്കുന്നത്. വൈക്കം നിയോജക മണ്ഡലത്തിനു കീഴിലുള്ള കല്ലറ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കുടിവെള്ളത്തിനായി ജല അതോറിറ്റിയുടെ പൈപ്പുകളെയാണ് ആശ്രയിക്കുന്നത്.

കല്ലറ പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും വയലുകളും പടിഞ്ഞാറൻ പ്രദേശങ്ങളുമാണ്. ഇവിടെയെല്ലാം കടുത്ത കുടിവെള്ള ക്ഷാമമാണ് അനുഭവിക്കുന്നത്. വെള്ളൂർ വെളിയന്നൂർ പദ്ധതിയിലെ ജാതിക്കാമലയിലെ സംഭരണിയിൽ നിന്നു കല്ലറ പുത്തൻ പള്ളിയിലുള്ള ജലസംഭരണിയിൽ വെള്ളം ശേഖരിച്ചാണ് ഇപ്പോൾ കല്ലറ പഞ്ചായത്തിൽ ജലവിതരണം നടത്തുന്നത്. തുടർച്ചയായുള്ള പൈപ്പ് പൊട്ടലും തകരാറുകളും മൂലം ആഴ്ചയിൽ ഒരു ദിവസം പോലും കല്ലറ പഞ്ചായത്തിൽ കുടിവെള്ളം എത്താത്ത സ്ഥിതിയാണ്.

നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ട മുണ്ടാർ മേഖലയിൽ വെള്ളം എത്തിക്കാൻ ജല അതോറിറ്റിക്ക് കഴിയാത്ത സാഹചര്യമുണ്ട്. അധികൃതരുടെ പല യോഗങ്ങളിലും പഞ്ചായത്ത് പ്രസിഡന്റും ജനപ്രതിനിധികളും ഈ ദുരവസ്ഥ ചൂണ്ടി കാണിച്ചിരുന്നു. ആധുനിക നിലവാരത്തിലുള്ള ഡിഐ പൈപ്പ് സ്ഥാപിച്ച് പമ്പിങ് ആരംഭിക്കുന്നതോടെ കല്ലറ പഞ്ചായത്തിലെ ശുദ്ധ ജല ക്ഷാമത്തിനു പരിഹാരം ഉണ്ടാകും എന്ന പ്രതീക്ഷയിലാണു പഞ്ചായത്തിലെ ജനങ്ങളും ജനപ്രതിനിധികളും

ജലജീവൻ പദ്ധതിയിൽ കല്ലറയിലെ 95 ശതമാനം ആളുകളും കുടിവെള്ള കണക്ഷൻ എടുത്തിട്ടുണ്ട്. രണ്ടാഴ്ച കൂടുമ്പോൾ ഒരിക്കൽ മാത്രമാണ് ഇപ്പോൾ വെള്ളം ലഭിക്കുന്നത്. കല്ലറയിലെ കോളനികളിൽ താമസിക്കുന്നവർക്കു തിരുവോണ നാളുകളിൽ പോലും വെള്ളം ലഭിച്ചില്ല. മന്ത്രിക്കും ജില്ലാ കലക്ടർക്കും ജല അതോറിറ്റി അധികൃതർക്കും പലതവണ പരാതിയും നിവേദനങ്ങളും നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണു കല്ലറ പഞ്ചായത്തിലേക്ക് ഡിഐ പൈപ്പ് സ്ഥാപിച്ചു കുടിവെള്ളം എത്തിക്കാൻ ശ്രമം നടത്തുന്നത്. ഇത് മൂലം തുടർച്ചയായുള്ള പൈപ്പ് പൊട്ടലും തകരാറുകളും ഒഴിവാകും എന്നാണ് ജല അതോറിറ്റി അധികൃതർ ഉറപ്പു നൽകുന്നത്. ജനങ്ങളുടെ കുടിവെള്ള പരാതികൾക്ക് പരിഹാരം ഉണ്ടാകും

# മുസിരിസ് പൈതൃക പദ്ധതികളുടെ ഉദ്ഘാടനം ഒക്ടോബർ ഒന്നിന്

**കയ്പമംഗലം:** നിയോജക മണ്ഡലത്തിലെ മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായുള്ള വിവിധ പദ്ധതികളുടെ ഉദ്ഘാടനം ഒക്ടോബർ ഒന്നിന് (ഞായർ) രാത്രി 7.30ന് പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ് നിർവഹിക്കും. പി.എ. സെയ്ത് മുഹമ്മദ് ലൈബ്രറി ആന്റ് സ്റ്റുഡൻസ് റിസർച്ച് സെന്റർ, മതിലകം ബാഗ്ലാകടവ്, മുനക്കൽ ബോട്ട് ജെട്ടി, നവീകരിച്ച പതിനെട്ടരയാളം കോവിലകം എന്നിവയുടെ ഉദ്ഘാടനമാണ് നിർവഹിക്കുന്നത്.

ലൈബ്രറി ആന്റ് സ്റ്റുഡൻസ് റിസർച്ച് സെന്റർ പരിസരത്ത് നടക്കുന്ന ചടങ്ങിൽ ഇ.ടി ടൈസൺ മാസ്റ്റർ അധ്യക്ഷനാകും. ബെന്നി ബെഹനാൻ എം.പി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ ഡേവിസ് മാസ്റ്റർ എന്നിവർ മുഖ്യാതിഥികളാകും. ടൂറിസം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ. ബിജു പദ്ധതി വിശദീകരിക്കും. ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, സഹകരണ ബാങ്ക് പ്രസിഡന്റുമാർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

ചരിത്രത്തെ ജനങ്ങളിലേക്കെത്തിച്ച പണ്ഡിതനും ഗ്രന്ഥകാരനുമായിരുന്ന പി.എ സെയ്ത് മുഹമ്മദിന്റെ നാമധേയത്തിൽ നിർമ്മിച്ച സ്മാരകത്തിൽ അണ്ടർ ഗ്രൗണ്ട് പാർക്കിംഗ്, കമ്മ്യൂണിറ്റി സെന്റർ, കൾച്ചറൽ ഗ്യാലറി, ഓപ്പൺ ലൈബ്രറി എന്നിവ 4.96 കോടി രൂപ ചിലവിലാണ് ഒരുക്കിയിരിക്കുന്നത്. പി.എ സെയ്ത് മുഹമ്മദ് സ്മാരക ലൈബ്രറിയായും വിദ്യാർഥികൾക്കായുള്ള ഹിസ്റ്ററി, ജിയോഗ്രഫി, മാത്സ് ആക്റ്റിവിറ്റി ആന്റ് റിസേർച്ച് സെന്റർ ഉൾപ്പെടുന്ന കേന്ദ്രമായും ഭാവിയിൽ മാറ്റുകയാണ് ലക്ഷ്യം.

ബ്രിട്ടീഷ് കമ്പനിയുമായി ബന്ധപ്പെട്ട മ്യൂസിയം, ജൈനകേന്ദ്രമായ തൃക്കണ്ണാ മതിലകം, സയ്യിദ് മുഹമ്മദ് സ്മാരകം തുടങ്ങിയ സ്ഥാപനങ്ങൾ ജലമാർഗ്ഗം ചരിത്ര വിദ്യാർഥികൾക്കും മറ്റും സന്ദർശിക്കുന്നതിന് ബോട്ട് ജെട്ടിയുടെയും നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

## ഈറ്റ് റൈറ്റ് സർട്ടിഫിക്കേഷൻ നേടി ജില്ലാ ജയിൽ

**കൊച്ചി :** ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ഭക്ഷ്യ സുരക്ഷ മികവിനുള്ള ഈറ്റ് റൈറ്റ്സർട്ടിഫിക്കേഷൻ ലഭിച്ച സംസ്ഥാനത്തെ ഏക ജയിൽ എന്ന പദവി നേടി എറണാകുളം ജില്ലാ ജയിൽ.സംസ്ഥാനത്ത് ആദ്യമായിട്ടാണ് ഒരു ജയിലിന് ഈ സർട്ടിഫിക്കേഷൻ ലഭിക്കുന്നത്. സൂപ്രണ്ട് രാജു എബ്രാഹം, അസിസ്റ്റന്റ് സൂപ്രണ്ടും ഫുഡ് യൂണിറ്റ് ചാർജ് ഓഫീസറുമായ ഏലിയാസ് വർഗീസ്, സെക്ഷൻ ചാർജുള്ള അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരായ പി.എം ഷൈജു, കെ.ഡി ധനേഷ് എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായാണ് സർട്ടിഫിക്കേഷൻ ലഭിച്ചത്. അഖിൽ എസ് നായർ സൂപ്രണ്ട് ആയിരുന്ന സമയത്ത് ആയിരുന്നു ഇതിന്റെ പരിശോധനയും മറ്റ് നടപടികളും നടന്നത്.

## ആഴക്കടലിലെ വിസ്മയിപ്പിക്കുന്ന കാഴ്ചകൾ കാണാം

**കൊച്ചി :** ലോക വിനോദസഞ്ചാര ദിനത്തിന്റെ ഭാഗമായി സാഹസികത ഇഷ്ടപ്പെടുന്ന വിനോദസഞ്ചാരികളെ ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ ജില്ലാ ഭരണകൂടവും ഡിടിപിസിയും കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന അക്വാലിയോ പാഡി ഡൈവ് സെന്ററും സംയുക്തമായി വെള്ളത്തിന് അടിയിലെ കാഴ്ചകൾ കാണാൻ അവസരമൊരുക്കുന്നത്. എറണാകുളം ദർബാർ ഹാൾ ഗ്രൗണ്ടിൽ 27 ന് വൈകുന്നേരം 3 മുതൽ രാത്രി 8 വരെ സൗജന്യമായി ആസ്വദിക്കാം.കേരളത്തിൽ ചെയ്യാൻ കഴിയുന്നതിൽ വച്ച് ഏറ്റവും സാഹസികമായതും എന്നാൽ ഏറ്റവും മനോഹരമായ കാഴ്ചകൾ സമ്മാനിക്കുന്നതുമായ ഒരു സ്പോർട്സ് ആണ് സ്കൂബ ഡൈവിംഗ്.

ഇരുപതിനായിരം ലിറ്റർ വെള്ളത്തിൽ കൃതിമമായി നിർമിച്ച സ്വിമ്മിങ്പൂളിൽ വിദേശ നിർമിതമായ ഏകദേശം 2 ലക്ഷം വിലവരുന്ന പത്ത് സ്ക്യൂബ ഉപകരണങ്ങൾ, വെള്ളത്തിനടിയിലെ സ്ക്യൂബ ഡൈവിങ് കാഴ്ചകൾ പൊതുജനങ്ങൾക്ക് കാണുവാൻ ലൈവ് അണ്ടർവാട്ടർ വീഡിയോ പ്രദർശനവും ഉണ്ടാവും.10വയസിനു മുകളിൽ പ്രായമുള്ള ഏതൊരാൾക്കും ഇതിൽ പങ്കെടുക്കാം.

കൂടാതെ കോസ്മോസ് സ്പോർട്സ് ജി എക്സ് ആർച്ചറി (ഏത ആരവല്യ )എന്നിവയുടെ ആഭിമുഖ്യത്തിൽ വിവിധയിനം സ്പോർട്സ് ആക്ടിവിറ്റീസ്, ആർച്ചറി, ഫൺ ഗെയിം സോൺ എന്നിവയും സൗജന്യമായി പങ്കെടുക്കുവാനുള്ള അവസരം ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9995250002 എന്ന നമ്പറിൽ ബന്ധപ്പെടാം.

## സംഘാടകസമിതി യോഗം

**കൊല്ലം:** സ്വച്ഛതാ ഹി സേവ ക്യാമ്പയിന്റെ സംഘാടകസമിതിയോഗം പൂതക്കുളം ഗ്രാമപഞ്ചായത്തിൽ ചേർന്നു. പ്രസിഡന്റ് എസ് അമ്മിണിയമ്മ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് വി ജി ജയ അധ്യക്ഷയായി. സ്റ്റാൻഡിങ് കമ്മറ്റി അധ്യക്ഷരായ ജീജ സന്തോഷ്, ലൈല ജോയ്, ഡി സുരേഷ്, സി ഡി എസ്സ് ചെയർപേഴ്സൺ അനിത ദാസ്, വാർഡ് അംഗങ്ങൾ, തുടങ്ങിയവർ പങ്കെടുത്തു.

# കേരളത്തിൽ ടൂറിസം യൂണിവേഴ്സിറ്റി സ്ഥാപിക്കുമെന്ന് മുഹമ്മദ് റിയാസ്

**തിരുവനന്തപുരം:** ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് ടൂറിസം യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ വകുപ്പ് ആലോചിക്കുന്നതായി മന്ത്രി പി.എ മുഹമ്മദ് റിയാസ്. തിരുവനന്തപുരം തൈക്കാടുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആൻഡ് ടൂറിസം സ്റ്റഡീസിലെ വിദ്യാർത്ഥികളെ അനുമോദിക്കുന്ന ടേക്ക് ഓഫ് 23 ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായായിരുന്നു മന്ത്രി.



ആഗോളതലത്തിൽ എവിടെയും ജോലി ലഭ്യമാകുന്ന തരത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള പഠന പരിശീലന സംവിധാനം വികസിപ്പിക്കാനാണ് ടൂറിസം വകുപ്പ് ശ്രമിക്കുന്നത്. ഭാവിയിൽ ഒരു ടൂറിസം യൂണിവേഴ്സിറ്റിയായി അതിനെ വികസിപ്പിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിന്റെ സാധ്യതകൾ പരിശോധിച്ച് വരികയാണെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്തെ ഏറ്റവും പ്രമുഖ വ്യവസായമായി ടൂറിസം മാറിക്കഴിഞ്ഞുവെന്ന് മന്ത്രി പറഞ്ഞു. ടൂറിസം, ട്രാവൽ, ഹോസ്പിറ്റാലിറ്റി മേഖല അനുദിനം വളർന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ രാജ്യത്ത് ഭാവിയിൽ ഈ മേഖല അതൃപൂർവ്വമായ വളർച്ചയാണ് കൈവരിക്കാൻ പോകുന്നത്. വ്യോമയാന മേഖലയിൽ എയർ ഇന്ത്യയും ഇൻഡിഗോയും 450 വിമാനങ്ങൾ വാങ്ങാൻ പദ്ധതിയിട്ടുകഴിഞ്ഞു. ഭാവിയിൽ വ്യോമയാന മേഖലയിൽ സ്ഫോടനാത്മകമായ വളർച്ചയുണ്ടാകാൻ പോകുന്നുവെന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഇത് തൊഴിൽ അവസരങ്ങൾ വർധിപ്പിക്കും. അതോടൊപ്പം ടൂറിസത്തിലെ മറ്റ് മേഖലകൾ വളരുകയും തൊഴിൽ അവസരങ്ങൾ ദ്രുതഗതിയിൽ വർധിക്കുകയും ചെയ്യും. വർധിച്ചുവരുന്ന തൊഴിലവസരങ്ങൾക്ക് ആനുസൃതമായി തൊഴിലിനു യോഗ്യരായവർ സൃഷ്ടിക്കപ്പെടണം. കേരളം ടൂറിസത്തിന് എന്നും ഒരു മാതൃകയായി നിലകൊള്ളുന്ന സംസ്ഥാനമാണെന്നത് ഏറെ ആവേശം നൽകുന്ന കാര്യമാണെന്നും മന്ത്രി പറഞ്ഞു.

മാനവശേഷി വികസനത്തിലും സംസ്ഥാനം മുൻപന്തിയിലാണ്. കിറ്റ്സ് പോലൊരു സ്ഥാപനം രാജ്യത്ത് ആദ്യം ആരംഭിക്കുന്നത് കേരളത്തിലാണെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് ജോലി ഉറപ്പാക്കുന്നത് ഇത്തരം സ്ഥാപനങ്ങളുടെ മികവിന്റെ ഉദാഹരണമാണ്. ലോക വിനോദ സഞ്ചാര ദിനത്തോടനുബന്ധിച്ച് കിറ്റ്സിലെ വിദ്യാർത്ഥികൾക്കായി ടൂറിസം റീൽസ് മത്സരം സംഘടിപ്പിക്കുന്ന വിവരവും മന്ത്രി അറിയിച്ചു. 2022 23 വർഷത്തിൽ യൂണിവേഴ്സിറ്റി കലോത്സവത്തിലും മറ്റ് മേഖലകളിലും മികവ് തെളിയിച്ച വിദ്യാർത്ഥികൾക്ക് മൊമന്റോയും സർട്ടിഫിക്കറ്റുകളും മന്ത്രി വിതരണം ചെയ്തു. കോളജ് യൂണിയൻ സംഘടിപ്പിച്ച ചടങ്ങിൽ കിറ്റ്സ് ഡയറക്ടർ ദിലീപ് എം ആർ, പ്രിൻസിപ്പാൾ ഡോ. ബി രാജേന്ദ്രൻ, തൈക്കാട് വാർഡ് കൗൺസിലർ മാധവ് ദാസ് തുടങ്ങിയവർ സംബന്ധിച്ചു.

# നിലവിലുള്ള ട്രാക്കുകളിലെ വേഗം കൂട്ടൽ; ഡിപിആർ ഡിസംബറിൽ സമർപ്പിക്കും

**കൊച്ചി:** രണ്ടാം വന്ദേഭാരത് കേരളത്തിൽ ഓടിത്തുടങ്ങിയതോടെ നിലവിലുള്ള ട്രാക്കുകളിൽ വേഗം കൂട്ടാനുള്ള നടപടി ത്വരിതപ്പെടുത്തി റെയിൽവേ. നിലവിൽ പലയിടത്തും ട്രാക്കുകളിൽ വലിയ വളവ് (കർവ്) ഉള്ളതാണു വന്ദേഭാരത് പോലുള്ള അതിവേഗ ട്രെയിനുകൾ കേരളത്തിൽ നേരിടുന്ന പ്രതിസന്ധി. ഈ ട്രാക്കുകളിലെ പരമാവധി വേഗം ഇപ്പോൾ മണിക്കൂറിൽ 110 കിലോമീറ്ററാണ്. വന്ദേ ഭാരത് ട്രെയിനുകൾക്കു 160 കിലോമീറ്റർ വേഗമെടുക്കാൻ സാധിക്കുന്ന തരത്തിലുള്ള ട്രാക്കുകളാണാവശ്യം.



തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകളിലായി തിരുവനന്തപുരം സെൻട്രൽ മുതൽ മംഗളൂരു വരെ 750 കിലോമീറ്റർ ദൂരത്തിലെ ട്രാക്കുകളിൽ വേഗം വർധിപ്പിക്കാനുള്ള സാധ്യത പഠിക്കാൻ ഹൈദരാബാദിലെ ആർവി അസോസിയേറ്റ്സിനെയാണു ചുമതലപ്പെടുത്തിയത്. തിരുവനന്തപുരം ഡിവിഷനിൽ സർവേ നടപടികൾക്ക് 5.1 കോടി രൂപയും പാലക്കാട് ഡിവിഷനിൽ 3.5 കോടി രൂപയുമാണു ചെലവ്.

സിൽവർലൈൻ പദ്ധതിയുമായി കെ റെയിൽ രംഗത്തിറങ്ങിയ ഘട്ടത്തിൽ തന്നെ കേരളത്തിലെ നിലവിലുള്ള ട്രാക്കുകൾ വേഗം കൂട്ടാനുള്ള സാധ്യതകൾ ആരായാൻ റെയിൽവേ നടപടി ആരംഭിച്ചിരുന്നു. ഇതു സംബന്ധിച്ച് അടിയന്തര ഇടപെടൽ തേടി റെയിൽവേ ബോർഡിനു ദക്ഷിണ റെയിൽവേ അപേക്ഷയും നൽകിയിരുന്നു.

തുടർന്നു വിശദമായ പദ്ധതി രേഖ (ഡീറ്റെയ്ൽഡ് സർവേ റിപ്പോർട്ട് ഡിപിആർ) സമർപ്പിക്കാൻ റെയിൽവേ ബോർഡ് ആവശ്യപ്പെട്ട പശ്ചാത്തലത്തിലാണു സർവേയ്ക്കായി ആർവി അസോസിയേറ്റ്സിനെ ചുമതലപ്പെടുത്തിയത്.

സർവേ നടപടികളുടെ ഭാഗമായി ആദ്യഘട്ടത്തിൽ ഹെലികോപ്റ്റർ ഉപയോഗിച്ചുള്ള ലിഡാർ സർവേ കഴിഞ്ഞ ഓഗസ്റ്റിൽ പൂർത്തിയായി. ലിഡാർ സർവേ റിപ്പോർട്ട് സംബന്ധിച്ചു റെയിൽവേ അധികൃതരും സർവേ ഏജൻസിയും തമ്മിൽ വിശദമായ ചർച്ചയും പഠനവുമാണിപ്പോൾ നടക്കുന്നത്.

## സ്പെക്ട്രം ജോബ് ഫെയർ 29 മുതൽ

**കോട്ടയം:** വ്യാവസായിക പരിശീലന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സർക്കാർ, സ്വകാര്യ ഐ.ടി.ഐകളിൽ നിന്ന് പരിശീലനം പൂർത്തിയാക്കിയവർക്കും കമ്പനികളിൽ നിന്നും അപ്രന്റീസ് പരിശീലനം പൂർത്തിയാക്കിയവർക്കും ജില്ലാ അടിസ്ഥാനത്തിൽ സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 10 വരെ എല്ലാ ജില്ലകളിലെയും നോഡൽ ഐ.ടി.ഐയിൽ സ്പെക്ട്രം ജോബ് ഫെയർ എന്ന പേരിൽ തൊഴിൽ മേള സംഘടിപ്പിക്കുന്നു.

ജോബ് ഫെയറിൽ പങ്കെടുക്കുന്നതിനായി തൊഴിലന്വേഷകർ www.knowledgemission.kerala.gov.in/dwms കണക്ട് ആപ്പിൽ രജിസ്റ്റർ ചെയ്യുകയും പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ജില്ലാതല ഫെയറിൽ അപ്ലൈ ചെയ്യുകയും വേണം. തൊഴിൽ മേള നടക്കുന്ന വേദികളിൽ നേരിട്ടെത്തി സ്പോട്ട് രജിസ്ട്രേഷൻ നടത്തുന്നതിനുള്ള സൗകര്യവും ലഭ്യമാണ്. തൊഴിൽമേളയുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ കേരളത്തിലെ എല്ലാ ഗവ. ഐ.ടി.ഐകളിൽ നിന്നും ലഭിക്കും. സംസ്ഥാനതല ഉദ്ഘാടനം 29ന് ചന്ദനത്തോപ്പ് ഐ.ടി.ഐയിൽ നടത്തും.

സെപ്റ്റംബർ 29ന് കൊല്ലം ചന്ദനത്തോപ്പ് ഐ.ടി.ഐ, എറണാകുളം കളമശേരി ഐ.ടി.ഐ, കണ്ണൂർ ഐ.ടി.ഐ എന്നിവിടങ്ങളിലും, ഒക്ടോബർ 3ന് കോട്ടയം ഏറ്റുമാനൂർ ഐ.ടി.ഐ, കോഴിക്കോട് ഐ.ടി.ഐ എന്നിവിടങ്ങളിലും, 4ന് തിരുവനന്തപുരം ചാക്ക ഐ.ടി.ഐയിലും 5ന് ആലപ്പുഴ ചെങ്ങന്നൂർ ഐ.ടി.ഐ, ഇടുക്കി കട്ടപ്പന ഐ.ടി.ഐ, പാലക്കാട് മലമ്പുഴ ഐ.ടി.ഐ എന്നിവിടങ്ങളിലും 7ന് പത്തനംതിട്ട ചെന്നീർക്കര ഐ.ടി.ഐ, തൃശ്ശൂർ ചാലക്കുടി ഐ.ടി.ഐ, വയനാട് കൽപ്പറ്റ ഐ.ടി.ഐകളിലും, 10ന് മലപ്പുറം അരീക്കോട് ഐ.ടി.ഐ, കാസർഗോഡ് ഐ.ടി.ഐ എന്നിങ്ങനെയാണ് ജോബ് ഫെയർ.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി :**പട്ടികജാതി വിഭാഗത്തിൽപ്പെട്ട വേടൻ, നായാടി, കല്ലാടി, അരുന്ധതിയാർ, ചക്ലിയ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും സ്വയംതൊഴിൽ ധനസഹായ പദ്ധതിക്കായി എറണാകുളം ജില്ലാ പട്ടികജാതി വികസന ഓഫീസർ അപേക്ഷകൾ ക്ഷണിച്ചു.

അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 5. അപേക്ഷ, ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, പ്രോജക്ട് റിപ്പോർട്ട് എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ സമർപ്പിക്കണം. വിവരങ്ങൾക്ക് ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിലോ ബന്ധപ്പെടുക.

## അപേക്ഷ ക്ഷണിക്കുന്നു

**തിരുവനന്തപുരം:** വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിലെ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെല്ലിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻ, കംപ്യൂട്ടറൈസ്ഡ്ഫിനാൻഷ്യൽ അക്കൗണ്ടിംഗ് (റ്റാലി), കംപ്യൂട്ടർ ഹാർഡ്വെയർ മെയിന്റനൻസ് ആന്റ് നെറ്റ് വർക്കിംഗ്, ഗാർമെന്റ് മേക്കിംഗ് ആൻഡ് ഫാഷൻ ഡിസൈനിംഗ്, ഓട്ടോകാഡ്, ബ്യൂട്ടീഷൻ, ഇലക്ട്രിക്കൽ വയർമാൻ എന്നീ കോഴ്സുകളിലേക്കു അപേക്ഷ ക്ഷണിച്ചതായി പ്രിൻസിപ്പാൾ അറിയിച്ചു. ഫോൺ : 8075289889, 9495830907.




### തെലങ്കാനയ്ക്ക് ഇനി ലുലുവിന്റെ തിളക്കം

# ഹൈദരാബാദിലെ ആദ്യ ലുലു മാളും ഹൈപ്പർമാർക്കറ്റും ഇന്ന് തുറക്കും

**ഹൈദരാബാദ് :** ലോകോത്തര റീട്ടെയ്ൽ ഷോപ്പിങ്ങിന്റെ വാതിൽ ഹൈദരാബാദിൽ തുറന്ന് ലുലു ഗ്രൂപ്പ്. തെലങ്കാനയിലെ ആദ്യ ലുലു മാളും ഹൈപ്പർമാർക്കറ്റുമാണ് ഹൈദരാബാദിലെ കുക്കട്ട് പള്ളിയിൽ തുറക്കുന്നത്. ലുലു ഗ്രൂപ്പ് ചെയർമാൻ എം എ യൂസഫലിയുടെ സാന്നിധ്യത്തിൽ തെലങ്കാന വ്യവസായ മന്ത്രി കെ.ടി. രാമറാവു ഉദ്ഘാടനം നിർവ്വഹിക്കും. അഞ്ച് ലക്ഷം സ്ക്വയർ ഫീറ്റിലാണ് ഹൈദരാബാദിലെ ലുലു മാൾ. ഷോപ്പിങ്ങിന്റെ ഏറ്റവും മികച്ച അനുഭവം സമ്മാനിച്ച് രണ്ട് ലക്ഷം സ്ക്വയർ ഫീറ്റിലാണ് ലുലു ഹൈപ്പർമാർക്കറ്റ് ഒരുങ്ങിയിരിക്കുന്നത്. വൈകിട്ട് മൂന്ന് മണി മുതൽ മാൾ പൊതുജനങ്ങൾക്കായി തുറന്ന് നൽകും.

സ്വിറ്റസ്ർലൻഡിലെ ദാവോസിൽ കഴിഞ്ഞ വർഷം മെയിൽ നടന്ന വേൾഡ് ഇക്കണോമിക് ഫോറത്തിൽ വച്ച്, ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലിയുമായി തെലങ്കാന വ്യവസായ മന്ത്രി കെ.ടി. രാമറാവു നടത്തിയ കൂടിക്കാഴ്ചയിൽ 500 കോടി രൂപയുടെ നിക്ഷേപത്തിന് ധാരണയിലെത്തിയിരുന്നു. ധാരണാപത്രം ഒപ്പ് വച്ച് മാസങ്ങൾക്കകം തന്നെ ഈ നിക്ഷേപവാദഗ്ദാനം യാഥാർത്ഥ്യമായിരിക്കുകയാണ്. 2500ലധികം പേർക്കാണ് പുതിയ തൊഴിൽ അവസരം ഒരുങ്ങിയിരിക്കുന്നത്.

ലോകോത്തര നിലവാരമുള്ള ലുലു ഹൈപ്പർമാർക്കറ്റ് കൂടാതെ സംസ്ഥാനത്തെ ഏറ്റവും മികച്ച ഗെംയിം സെന്ററായ ലുലു ഫൺടൂറ , ഇലക്ട്രോണിക്സ് ഹോം ഉത്പന്നങ്ങളുടെ ശേഖരവുമായി ലുലു കണക്ട്, ബ്രാൻഡഡ് ഫാഷൻ ശേഖരവുമായി ലുലു ഫാഷൻ സ്റ്റോർ, എഴുപത്തിയഞ്ചിലധികം അന്താരാഷ്ട്ര ബ്രാൻഡഡ് ഉത്പന്നങ്ങൾ, 1400പേരുടെ സീറ്റിങ്ങ് സജ്ജീകരണമുള്ള അഞ്ച് തിയേറ്റർ സ്ക്രീനുകൾ, വൈവിധ്യമായ ഭക്ഷണവിഭവങ്ങളുമായി ഫുഡ് കോർട്ട് എന്നിവ മാളിലെ മറ്റ് ആകർഷണങ്ങളാണ്.




ലുലു ഗ്രൂപ്പ് ഇന്റർനാഷ്ണൽ എക്സിക്യൂട്ടീവ് ഡയറക്ടർ അഷറഫ് അലി എം.എ, ലുലു ഇന്ത്യ ആൻഡ് ഒമാൻ ഡയറക്ടർ ആനന്ദ് എ.വി, ലുലു ഇന്ത്യ ഡയറക്ടർ ആൻഡ് സിഇഒ നിഷാദ് എം.എ, ലുലു ഗ്രൂപ്പ് മാർക്കറ്റിങ്ങ് ആൻഡ് കമ്മ്യൂണിക്കേഷൻസ് ഡയറക്ടർ വി നന്ദകുമാർ, ലുലു ഇന്ത്യ ഷോപ്പിങ്ങ് മാൾസ് ഡയറക്ടർ ഷിബു ഫിലിപ്പ്സ്, ലുലു തെലങ്കാന റീജിയണൽ മാനേജർ അബ്ദുൾ ഖദീർ ഷെയ്ഖ് തുടങ്ങിയവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

ഇന്ത്യയിലെ ലുലുവിന്റെ ആറാമത്തെ ഷോപ്പിങ്ങ് കേന്ദ്രമാണ് ഹൈദരാബാദിലേത്. കൊച്ചി, തിരുവനന്തപുരം, ബെംഗ്ലൂരു, ലഖ്നൗ, കോയമ്പത്തൂർ എന്നിവടങ്ങൾക്ക് പുറമേയാണ് ഹൈദരാബാദിലും ലുലു സജീവമായിരിക്കുന്നത്. കൂടാതെ, തെലങ്കാനയിലെ വിവിധയിടങ്ങളിൽ കൂടി നിക്ഷേപം നടത്താൻ ലുലു ഗ്രൂപ്പ് ധാരണയിലെത്തിയിട്ടുണ്ട്.

കേരളത്തിൽ വിവിധയിടങ്ങളിൽ തുറക്കാനിരിക്കുന്ന മാളുകൾക്കും ഹൈപ്പർമാർക്കറ്റുകൾക്കും പുറമേ അഹമ്മദാബാദ്, വാരണാസി, നോയിഡ, ബാംഗ്ലൂർ, ചെന്നൈ എന്നിവടങ്ങളിൽ പുതിയ മാളുകളും ഹൈപ്പർമാർക്കറ്റുകളും ഉടൻ യാഥാർത്ഥ്യമാകും. ഭക്ഷ്യസംസ്കരണ കയറ്റുമതി കേന്ദ്രങ്ങളും പുതിയ റീട്ടെയ്ൽ പ്രൊജക്ടുകളും അഹമ്മദാബാദ്, ചെന്നൈ, ശ്രീനഗർ, ഗ്രേയിറ്റർ നോയിഡ, വരാണസി തുടങ്ങിയിടങ്ങളിൽ വിപുലമായി തുറക്കുന്നുണ്ട്.

## തൃപ്പൂണിത്തുറ നഗരസഭയിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ ഒരുങ്ങുന്നു

**കൊച്ചി:** തൃപ്പൂണിത്തുറ നഗരസഭയെ മാലിന്യമുക്തമാക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ ഒരുങ്ങുന്നു. 4035 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ ഇരുമ്പനം ശ്മാശനത്തിന്റെ കോമ്പൗണ്ടിൽ നിർമ്മിക്കുന്ന സെഗ്രിഗേഷൻ കേന്ദ്രത്തിന്റെ ഉദ്ഘാടനം ജില്ലാ കളക്ടർ എൻ. എസ്.കെ ഉമേഷ് നിർവഹിച്ചു.

മാലിന്യമുക്ത നവകേരളം എന്ന ലക്ഷ്യത്തിലേക്കുള്ള സംസ്ഥാന സർക്കാരിന്റെ ഊർജ്ജിതമായ പ്രവർത്തനങ്ങളുടെ ഭാഗമായി തൃപ്പുണിത്തുറ നഗരസഭ മാലിന്യമുക്ത നഗരസഭ തനിമയോടെ തൃപ്പുണിത്തുറ എന്ന ക്യാമ്പയിനുമായി മികച്ച പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്.

AXIS MUTUAL FUND

## 89 ശതമാനം നിക്ഷേപകർക്കും നഷ്ടത്തെകുറിച്ച് അവബോധമെന്ന് ആക്സിസ് മ്യൂചൽ ഫണ്ട് സർവേ

**കൊച്ചി:** തങ്ങളുടെ നിക്ഷേപ യാത്രയിൽ നഷ്ടസാധ്യതാ വിശകലനം വഹിക്കുന്ന പങ്കിനെ കുറിച്ച് 89 ശതമാനം നിക്ഷേപകർക്കും അവബോധമുണ്ടെന്ന് ആക്സിസ് മ്യൂചൽ ഫണ്ട് സംഘടിപ്പിച്ച സർവേ ചൂണ്ടിക്കാട്ടുന്നു. മ്യൂചൽ ഫണ്ടുകളുടെ നഷ്ടസാധ്യത വിലയിരുത്താൻ റിസ്ക് ഓ മീറ്റർ പ്രയോജനപ്പെടുത്തുന്നതിനെ കുറിച്ച് സർവേയിൽ പ്രതികരിച്ച 55 ശതമാനം പേർക്കും അറിയില്ലെന്നും പഠനം ചൂണ്ടിക്കാട്ടുന്നു.

വ്യക്തിഗത നഷ്ട സാധ്യത വിലയിരുത്താനുള്ള റിസ്ക്ക് പ്രൊഫൈലറിനെ കുറിച്ച് അറിവില്ലാത്തത് 69 ശതമാനം പേർക്കാണ്. നഷ്ടസാധ്യതാ വിശകലനത്തെ കുറിച്ചുള്ള അവബോധത്തിൻറെ തോത് മനസിലാക്കാനായി രാജ്യത്തുടനീളമായുള്ള 1700 ആക്സിസ് മ്യൂചൽ ഫണ്ട് നിക്ഷേപകരിലാണ് സർവേ നടത്തിയത്.

നിക്ഷേപത്തിൽ സഹായിക്കുന്നതോടൊപ്പം മ്യൂചൽ ഫണ്ട് നിക്ഷേപവുമായി ബന്ധപ്പെട്ട വിവിധ വസ്തുതകൾ മനസിലാക്കാൻ പിന്തുണ നൽകുന്നതിലും ആക്സിസ് മ്യൂചൽ ഫണ്ട് തങ്ങളുടെ ഉത്തരവാദിത്തം മനസിലാക്കുന്നുണ്ടെന്ന് ആക്സിസ് എഎംസി മാനേജിങ് ഡയറക്ടറും സിഇഒയുമായ ബി ഗോപകുമാർ പറഞ്ഞു.

നഷ്ടസാധ്യതാ വിലയിരുത്തലിൻറെ പ്രാധാന്യം 89 ശതമാനം നിക്ഷേപകർക്കും അറിയാമെങ്കിലും വെറും 27 ശതമാനം നിക്ഷേപകർ മാത്രമേ നിക്ഷേപത്തിനു മുൻപ് യഥാർത്ഥത്തിൽ തങ്ങളുടെ നിക്ഷേപത്തിനു മുൻപ് ഇത്തരം പരിഗണനകൾ നടത്തിയിട്ടുള്ളു എന്നും സർവേ ചൂണ്ടിക്കാട്ടുന്നു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | CUSTOMER SATISFACTION 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663